# കേരളോത്സവം-2025

## മാർഗ്ഗരേഖ


**കേരള സർക്കാർ**

**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

യൂത്ത് ഭവൻ
ദൂരദർശൻ കേന്ദ്രത്തിന് സമീപം
കുടപ്പനക്കുന്ന്.പി.ഒ,
തിരുവനന്തപുരം-695043

Phone : 0471 2733139, 2733602

E-mail : ksywb@kerala.gov.in, web: www.ksywb.kerala.gov.in

## ഉള്ളടക്കം


01. ആമുഖം

02. സംഘാടനം

03. സംഘാടക സമിതി

04. ഉത്തരവാദിത്വവും, ചുമതലയും

05. പൊതു വിവരങ്ങൾ

06. യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം

07. ഓൺലൈൻ രജിസ്ട്രേഷൻ

08. കലാമത്സരങ്ങൾ

09. കായികമത്സരങ്ങൾ

10. വിധി നിർണ്ണയം അപ്പീൽ

11. സമ്മാന ഘടന

12. ധനവിനിയോഗം

13. സർട്ടിഫിക്കറ്റ് മാതൃക

14. രജിസ്ട്രേഷൻ ഫോറം മാതൃക

15. മാതൃകാഫോറം സത്യപ്രസ്താവന

16. അപ്പീൽ ഫോറം

17. അപ്പീൽ തീർപ്പാക്കാനുള്ള നടപടി

18. റസീപ്റ്റ്

19. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാതൃക

20. ജില്ലാ ഓഫീസ് വിലാസം

21. മാർക്ക് ഷീറ്റ്

22. റിസൾറ്റ് ഷീറ്റ്

## അദ്ധ്യായം – 1

## ആമുഖം

യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും സഹവർത്തിത്വവും വളർത്തുക, ഒരു പൊതു സംഗമ വേദിയിൽ ഒരുമിച്ചു കൂടുന്നതിന് അവസരമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരത്തിനായാണ് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളോത്സവം വർഷംതോറും സംഘടിപ്പിച്ചു പോരുന്നത്. സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും, വിവിധ വകുപ്പുകളേയും സഹകരിപ്പിച്ചുകൊണ്ടാണ് കേരളോത്സവം സംഘടിപ്പിച്ചു വരുന്നത്.

കേരളോത്സവം, കേരളീയ യുവതയുടെ ഏറ്റവും വലിയ കലാ-കായിക-സാംസ്കാരിക സംഗമവേദി എന്ന നിലയിൽ ഇതിനകം ജനശ്രദ്ധ നേടിയെടുത്തിട്ടു ള്ളതാണ്. സംസ്ഥാനതലത്തിൽ വിജയികളായവരെ ദേശീയ യുവോത്സവത്തിലെ വിവിധ മത്സര ഇനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും, ദേശീയ തലത്തിൽ മികച്ച വിജയം കൈവരിക്കുന്നതിനും കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

കലാമത്സരങ്ങൾ, സാംസ്കാരിക മത്സരങ്ങൾ, കായിക മത്സരങ്ങൾ, എന്നിങ്ങനെ വൈവിധ്യമാർന്ന ഇനങ്ങൾ ഒരേ വേദിയിൽ നടത്തപ്പെടുന്നു എന്ന താണ് കേരളോത്സവത്തിന്റെ സവിശേഷമായ പ്രത്യേകത.

ആയതിനാൽ കൂടുതൽ മികവോടെയും വർദ്ധിച്ച ബഹുജനപങ്കാളിത്തത്തോ ടെയും അത്യാഘോഷപൂർവ്വം 2025 - ലെ കേരളോത്സവം സംഘടിപ്പിക്കപ്പെടേണ്ട തുണ്ട്. യൂത്ത് ക്ലബ്ബുകളുടെയും, അംഗങ്ങളുടേയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് വിവിധ തലങ്ങളിലായി ക്യാഷ് അവാർഡ് നൽകുന്നതായിരി ക്കും. ഗ്രാമപഞ്ചായത്ത്തലം മുതൽ സംസ്ഥാനതലം വരെ ചിട്ടയോടെയും, സമയബന്ധിതമായും, വിജയകരമായും കേരളോത്സവ പരിപാടികൾ സംഘടിപ്പി ക്കുന്നതിന് സഹായകരമായ ഒരു കൈപ്പുസ്തകം എന്ന നിലയിലാണ് ഈ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്.

++++++++++

# അദ്ധ്യായം – 2

## സംഘാടനം

കേരള സംസ്ഥാന യുവജനക്ഷേമബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ഗ്രാമപഞ്ചായത്ത്തലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിക്കുന്ന കേരളോത്സവം ഈ വർഷവും സംഘടിപ്പിക്കുകയാണ്. പ്രാഥമികതല മത്സരങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ വെവ്വേറെയായി സംഘടിപ്പിക്കുന്നു. ഈ തലങ്ങളിലെ കേരളോത്സവത്തിന്റെ സംഘാടന ചുമതല അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. ഗ്രാമപഞ്ചായത്തിലെ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ബ്ലോക്ക്തലത്തിൽ മത്സരിക്കാവുന്നതാണ്. ബ്ലോക്ക്തല മത്സര വിജയികൾക്ക് ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുന്നു.

മുനിസിപ്പാലിറ്റിയിലും കോർപ്പറേഷൻതല വിജയികൾക്ക് നേരിട്ട് ജില്ലകളിൽ മത്സരിക്കാവുന്നതാണ്. ജില്ലാതല മത്സര വിജയികൾ സംസ്ഥാന കേരളോത്സവത്തിൽ പങ്കടുക്കുന്നു.

കേരളോത്സവ സംഘാടനത്തിൽ യൂത്ത് ക്ലബ്ബുകൾ, യുവാ ക്ലബ്ബുകൾ, അവളിടം ക്ലബ്ബുകൾ, ടീം കേരള, മറ്റു ക്ലബ്ബുകൾ, കലാ-സാംസ്കാരിക സംഘടനകൾ, സ്പോർട്സ് ക്ലബ്ബുകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന (രാഷ്ട്രീയ) സംഘടനകൾ, കലാ-കായിക രംഗത്തെ പ്രമുഖ വ്യക്തികൾ, സാമൂഹിക അംഗീകാരമുള്ള പൊതു പ്രവർത്തകർ, കലാ-കായിക രംഗത്ത് പ്രവർത്തന പരിചയവും താൽപ്പര്യവുമുള്ള അദ്ധ്യാപകർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ പങ്കാളിത്തമുണ്ടാകുവാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധ ചെലുത്തണം. ഭരണ സമിതിയിലെ മുഴുവൻ അംഗങ്ങളുടെയും പരിപൂർണ്ണ സഹകരണം പരിപാടികളുടെ വിജയത്തിന് അനിവാര്യമാണ്. സംഘാടക സമിതി രൂപീകരണം മുതൽ ഓരോ ചുവടുവയ്പ്പും മുൻകൂട്ടി ചിട്ടപ്പെടുത്തിയ കലണ്ടർ പ്രകാരം നടത്താൻ കഴിയണം.

സംസ്ഥാനതല സംഘാടനം സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ യുവജനക്ഷേമ ബോർഡ്, സംസ്ഥാന കേരളോത്സവം നടക്കുന്ന ജില്ലയിലെ ജില്ലാ പഞ്ചായത്ത്, ജില്ലാ ഭരണകൂടം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണം. ദേശീയ തലത്തിൽ നടത്തുന്ന മത്സരങ്ങളിൽ കേരളോത്സവ വിജയികളെ യുവജനക്ഷേമ ബോർഡ് പങ്കെടുപ്പിക്കണം. സംഘാടക സമിതികളുടെ ഘടന, ചുമതലകൾ എന്നിവ അദ്ധ്യായം 3, 4 എന്നിവയിൽ വിവരിക്കുന്നു.

## കേരളോത്സവ സംഘാടനം – സമയക്രമം

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | സമയക്രമം | സംഘാടന ചുമതല |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് തലം | 2025 സെപ്റ്റംബർ 1 മുതൽ 30 വരെ | ഗ്രാമ പഞ്ചായത്ത് |
| 2 | മുനിസിപ്പാലിറ്റി തലം | 2025 ഒക്ടോബർ 1 മുതൽ 31 വരെ | മുനിസിപ്പാലിറ്റി |
| 3 | കോർപ്പറേഷൻ തലം | 2025 ഒക്ടോബർ 1 മുതൽ 31 വരെ | കോർപ്പറേഷൻ |
| 4 | ബ്ലോക്ക് പഞ്ചായത്ത് തലം | 2025 ഒക്ടോബർ 1 മുതൽ 31 വരെ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് & ബ്ലോക്ക് പഞ്ചായത്ത് |
| 5 | ജില്ലാ പഞ്ചായത്ത് തലം | 2025 നവംബർ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് & ജില്ലാ പഞ്ചായത്ത് |
| 6 | സംസ്ഥാനതലം | 2025 ഡിസംബർ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് |

## അദ്ധ്യായം – 3

# സംഘാടക സമിതി

പ്രാഥമികതല മത്സരങ്ങളുടെ മുന്നോടിയായി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ വിപുലമായ സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്. അതത് തലങ്ങളിലെ യുവ രാഷ്ട്രീയ സംഘടനകളുടെയും ക്ലബ്ബുകളുടെയും കലാ സാംസ്കാരിക പ്രവർത്തകരുടെയും വിപുലമായ യോഗം വിളിച്ചു ചേർത്താകണം സംഘാടക സമിതികൾ രൂപീകരിക്കേണ്ടത്.

വിവിധ തലങ്ങളിൽ രൂപീകരിക്കുന്ന സംഘാടകസമിതികൾ അതിന് ആവശ്യമായ ഉപസമിതികൾ രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ വളരെ ചിട്ടയായി ആസൂത്രണം ചെയ്യേണ്ടതുമാണ്. ഈ ഉപസമിതികളിൽ യുവജനക്ലബ്ബുകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

പ്രാഥമികതലം മുതൽ കാര്യക്ഷമമായി യുവജനപങ്കാളിത്തത്തോടെ കേരളോത്സവം സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലങ്ങളിലെ സംഘാടക സമിതികളിൽ കോ-ഓർഡിനേഷൻ സമിതി കൂടി ഉൾപ്പെടുത്തേണ്ടതാണ്.

സംഘാടക സമിതികളുടെ ഘടന ചുവടെ ചേർക്കുന്നു.

## 3.1 ഗ്രാമപഞ്ചായത്ത് തലം

***രക്ഷാധികാരികൾ***

1. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
2. പ്രദേശത്തെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

***ചെയർമാൻ***

പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത്

***വൈസ് ചെയർമാൻ***

1. വൈസ് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്
2. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ
3. കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ

***വർക്കിംഗ് ചെയർമാൻ***

1. ചെയർമാൻ, ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി

***ജനറൽ കൺവീനർ / ഓർഗനൈസിംഗ് സെക്രട്ടറി***

സെക്രട്ടറി, ഗ്രാമപ്പഞ്ചായത്ത്

***ജോയിന്റ് കൺവീനർ***

പഞ്ചായത്ത് സെക്രട്ടറി നിശ്ചയിക്കുന്ന പഞ്ചായത്തിലെയോ, ഘടക സ്ഥാപനങ്ങളിലെയോ ഉദ്യോഗസ്ഥൻ

***കോ-ഓർഡിനേഷൻ സമിതി***

കൺവീനർ: അതാത് പഞ്ചായത്ത് ചുമതലയുള്ള ബ്ലോക്ക് കോ-ഓർഡിനേറ്റർ

ജോയിന്റ് കൺവീനർ: സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെല്ലോഷിപ്പ് പ്രതിനിധി.

അംഗങ്ങൾ: സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രം നിർദ്ദേശിക്കുന്ന ടീം കേരള, അവളിടം ക്ലബ്ബ്, യൂത്ത്/യുവാക്ലബ്ബുകളുടെ പ്രതിനിധികൾ.

***അംഗങ്ങൾ***

1. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ
2. യുവജന രാഷ്ട്രീയ സംഘടനാ ഭാരവാഹികൾ
3. ഗ്രാമപഞ്ചായത്തുകളിലെ സഹകരണ സംഘം പ്രസിഡന്റുമാർ
4. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തലവൻമാർ
5. കായിക അദ്ധ്യാപകരും കലാവിഭാഗം അദ്ധ്യാപകരും
6. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യൂത്ത് ക്ലബ്ബ് ഭാരവാഹികൾ
7. കുടുംബശ്രീ എ.ഡി.എസ്. ചെയർപേഴ്സൺമാർ

*(മേൽ നിർദ്ദേശിച്ച ഘടനയ്ക്ക് പുറമെ പ്രാദേശിക തലത്തിൽ യുക്തമായ വ്യക്തികളെ/സംഘടനകളെ കൂടി ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യം സംഘാടക സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്.)*

## 3.2. കോർപ്പറേഷൻ/മുനിസിപ്പാലിറ്റിതല സംഘാടക സമിതി

***രക്ഷാധികാരികൾ***

1. ബന്ധപ്പെട്ട പ്രദേശത്തെ എം.എൽ.എ.മാർ
2. ജില്ലയിലെ ചുമതലയുള്ള സംസ്ഥാന യുവജനക്ഷേമ ബോർഡ് അംഗം

***ചെയർമാൻ***

കോർപ്പറേഷൻ മേയർ/മുനിസിപ്പൽ ചെയർമാൻ

***വൈസ് ചെയർമാൻ***

1. ഡെപ്യൂട്ടി മേയർ/മുനിസിപ്പൽ വൈസ് ചെയർമാൻ
2. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ
3. കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ

***വർക്കിംഗ് ചെയർമാൻ***

കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വിദ്യാഭ്യാസ-കല-കായിക-സാംസ്കാരിക സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

***കോ-ഓർഡിനേഷൻ സമിതി***

കൺവീനർ: അതാത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ചുമതലയുള്ള കോ-ഓർഡിനേറ്റർ.

ജോയിന്റ് കൺവീനർ: സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെല്ലോഷിപ്പ് പ്രതിനിധി.

അംഗങ്ങൾ: സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രം നിർദ്ദേശിക്കുന്ന ടീം കേരള, അവളിടം ക്ലബ്ബ്, യൂത്ത്/യുവാക്ലബ്ബുകളുടെ പ്രതിനിധികൾ.

***ജനറൽ കൺവീനർ / ഓർഗനൈസിംഗ് സെക്രട്ടറി***

1. സെക്രട്ടറി, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി

***ജോയിന്റ് കൺവീനർ***

1. നഗരസഭാ സെക്രട്ടറി നിശ്ചയിക്കുന്ന നഗരസഭയിലെ ഉദ്യോഗസ്ഥൻ

***അംഗങ്ങൾ***

1. മുനിസിപ്പൽ/കോർപ്പറേഷൻ അംഗങ്ങൾ
2. യുവജന രാഷ്ട്രീയ സംഘടനാ ഭാരവാഹികൾ
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ
4. സ്കൂളുകളിലെ സ്പോർട്സ് അദ്ധ്യാപകർ
5. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പരിധിയിലുള്ള യൂത്ത് ക്ലബ്ബ് ഭാരവാഹികൾ
7. കുടുംബശ്രീ എ.ഡി.എസ്. ചെയർപേഴ്സൺമാർ

*(മേൽ നിർദ്ദേശിച്ചിരിക്കുന്ന ഘടനയ്ക്ക് പുറമെ പ്രാദേശിക തലത്തിൽ യുക്തമായ വ്യക്തികളെ/സംഘടനകളെ കൂടി ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യം സംഘാടക സമിതിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.)*

## 3.3. ബ്ലോക്ക്തല സംഘാടക സമിതി

***രക്ഷാധികാരികൾ***

1. ബന്ധപ്പെട്ട പ്രദേശത്തെ എം.എൽ.എ. മാർ
2. ജില്ലയുടെ ചുമതലയുള്ള യുവജനക്ഷേമ ബോർഡ് അംഗം
3. ബ്ലോക്ക് പരിധിയിലുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

***ചെയർമാൻ***

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

***വൈസ് ചെയർമാൻ***

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
2. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്
3. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ

***വർക്കിംഗ് ചെയർമാൻ***

ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

***ജനറൽ കൺവീനർ / ഓർഗനൈസിംഗ് സെക്രട്ടറി***

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

***ജോയിന്റ് കൺവീനർമാർ***

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ/പ്രതിനിധി
2. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
3. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ

***കോ-ഓർഡിനേഷൻ സമിതി***

കൺവീനർ: യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രത്തിൽ നിന്നും നിശ്ചയിച്ചു നൽകുന്ന ബ്ലോക്ക്തല കോ-ഓർഡിനേറ്റർ.

ജോയിന്റ് കൺവീനർ: സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെല്ലോഷിപ്പ് പ്രതിനിധി.

അംഗങ്ങൾ: സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രം നിർദ്ദേശിക്കുന്ന ടീം കേരള, അവളിടം ക്ലബ്ബ്, യൂത്ത്/യുവാക്ലബ്ബുകളുടെ പ്രതിനിധികൾ.

***അംഗങ്ങൾ***

1. ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് അംഗങ്ങൾ
2. യുവ രാഷ്ട്രീയ സംഘടനാ ഭാരവാഹികൾ
3. സഹകരണ സംഘങ്ങളുടെ ഭാരവാഹികൾ
4. സ്കൂളുകളിലെ സ്പോർട്സ് അദ്ധ്യാപകർ
5. യൂത്ത് ക്ലബ്ബ് ഭാരവാഹികൾ
6. സംഘാടക സമിതി നിശ്ചയിക്കുന്ന കലാകായിക രംഗത്തെ പ്രമുഖരായ വ്യക്തികൾ
7. കുടുംബശ്രീ കോ-ഓർഡിനേറ്റർമാർ
8. പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്

*(മേൽ നിർദ്ദേശിച്ചിരിക്കുന്ന ഘടനയ്ക്ക് പുറമെ പ്രാദേശിക തലത്തിൽ യുക്തമായ വ്യക്തികളെ/സംഘടനകളെ കൂടി ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യം സംഘാടക സമിതിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.)*

## 3.4. ജില്ലാതല സംഘാടക സമിതി

ബ്ലോക്ക്തലത്തിൽ നിന്നും വിജയികളായവർക്ക് ജില്ലാതല കേരളോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടാതെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലത്തിലുള്ളവർക്ക് നേരിട്ട് ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ജില്ലാതല കേരളോത്സവ മത്സരങ്ങളുടെ മുന്നോടിയായി വിപുലമായ സംഘാടക സമിതിയ്ക്ക് രൂപം നൽകേണ്ടതാണ്. കേരളോത്സവം നടക്കുന്ന പ്രദേശങ്ങൾ ആകർഷകമായി അലങ്കരിച്ചും വർണ്ണാഭമായ ഘോഷയാത്രകൾ സംഘടിപ്പിച്ചും കൂടുതൽ യുവജനങ്ങളെ പങ്കാളികളാക്കണം. ഒരു പ്രവർത്തന കലണ്ടർ രൂപപ്പെടുത്തി ജില്ലാ കേരളോത്സവം വിജയിപ്പിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ജില്ലാതലങ്ങളിൽ രൂപീകരിക്കുന്ന സംഘാടക സമിതികൾ അതിന് ആവശ്യമായ ഉപസമിതികൾ രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ വളരെ ചിട്ടയായി ആസൂത്രണം ചെയ്യേണ്ടതുമാണ്. ഈ ഉപസമിതികളിൽ അതത് ജില്ലയിലെ യുവജനക്ലബ്ബുകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തി കേരളോത്സവത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതാണ്.

***രക്ഷാധികാരികൾ***

1. ജില്ലയിലെ എം.പി.മാർ
2. ജില്ലയിലെ എം.എൽ.എ.മാർ
3. ജില്ലയിലെ കോർപ്പറേഷൻ മേയർ
4. ജില്ലാ കളക്ടർ

***ചെയർമാൻ***

പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്

***വൈസ് ചെയർമാൻമാർ***

1. ജില്ലയിലെ മുനിസിപ്പൽ ചെയർമാൻമാർ
2. വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്
3. ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ
4. ജില്ലയുടെ ചുമതലയുള്ള/ജില്ലയിലെ മറ്റ് യുവജനക്ഷേമ ബോർഡ് അംഗങ്ങൾ
5. ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ
6. പ്രസിഡന്റ്, ജില്ലാ സ്പോർട്സ് കൗൺസിൽ

***വർക്കിംഗ് ചെയർമാൻമാർ***

1. സംഘടിപ്പിക്കപ്പെടുന്ന ജില്ലാ ഡിവിഷനിലെ മെമ്പർ
2. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

***ജനറൽ കൺവീനർ / ഓർഗനൈസിംഗ് സെക്രട്ടറി***
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്
***കൺവീനർ (കലാമത്സരങ്ങൾ)***
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
***കൺവീനർ (സ്പോർട്സ്)***
സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ
***ജോയിന്റ് കൺവീനർ***
ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
***കോ-ഓർഡിനേറ്റർ***
ജില്ലാ കോ-ഓർഡിനേറ്റർ, സംസ്ഥാന യുവജനക്ഷേമ ബോർഡ്

***അംഗങ്ങൾ***

1. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
2. ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ
3. നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ
4. യുവജന രാഷ്ട്രീയ സംഘടനാ ഭാരവാഹികൾ
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (പി.ആർ.ഡി)
6. ജില്ലയിലെ തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകളുടെ പ്രസിഡന്റ്/സെക്രട്ടറി
7. കലാ-കായിക സ്ഥാപനങ്ങളുടെ തലവൻമാർ
8. കോ-ഓർഡിനേറ്റർ, നെഹ്റു യുവ കേന്ദ്ര
9. കുടുംബശ്രീയുടെ ജില്ലാ ഭാരവാഹികൾ
10. എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ

*(മേൽ നിർദ്ദേശിച്ചിരിക്കുന്ന ഘടനയ്ക്ക് പുറമേ വിവിധ സബ് കമ്മിറ്റികൾ ഉണ്ടാകേണ്ടതും ഈ കമ്മിറ്റിയുടെ ഭാരവാഹികളായി അതത് ജില്ലയിലെ യുവജനസംഘടനകളുടെ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതുമാണ്. പ്രാദേശിക തലത്തിൽ യുക്തമായ വ്യക്തികളെ/ സംഘടനകളെ കൂടി ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യം സംഘാടകസമിതിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്).*

## 3.5. സംസ്ഥാനതല സംഘാടക സമിതി

സംസ്ഥാന കേരളോത്സവത്തിൽ വിജയികളാകുന്ന കലാ-കായിക പ്രതിഭകൾക്ക് പ്രൈസ്മണിയും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് രാജീവ്ഗാന്ധി സ്മാരക ട്രോഫിയും നൽകുന്നതാണ്.

ജില്ലാതലത്തിലുള്ള മത്സരവിജയികളാണ് സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാന കേരളോത്സവത്തിന് മുന്നോടിയായി വിപുലമായ സംഘാടക സമിതി രൂപീകരിക്കുന്നതാണ്. സംഘാടകസമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

***മുഖ്യരക്ഷാധികാരി***
മുഖ്യമന്ത്രി
***രക്ഷാധികാരികൾ***

1. പ്രതിപക്ഷ നേതാവ്
2. സംസ്ഥാന കേരളോത്സവം നടത്തുന്ന ജില്ലയിലെ എം.പി. മാർ
3. സംസ്ഥാന കേരളോത്സവം നടത്തുന്ന ജില്ലയിലെ എം.എൽ.എ. മാർ

***ചെയർമാൻ***
യുവജനകാര്യ വകുപ്പ് മന്ത്രി
ചെയർമാൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്)

***വർക്കിംഗ് ചെയർമാൻമാർ***

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
2. വൈസ് ചെയർമാൻ, യുവജനക്ഷേമ ബോർഡ്

***വൈസ് ചെയർമാൻമാർ***

1. ജില്ലയിലെ കോർപ്പറേഷൻ മേയർ
2. പ്രസിഡന്റ്, കേരളാ സ്പോർട്സ് കൗൺസിൽ
3. സെക്രട്ടറി, യുവജനകാര്യ വകുപ്പ്
4. പഞ്ചായത്ത് ഡയറക്ടർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
6. ഡയറക്ടർ, സ്പോർട്സ് - യുവജനകാര്യം
7. കേരളോത്സവ ചുമതലയുള്ള യുവജനക്ഷേമ ബോർഡ് അംഗം

***ജനറൽ കൺവീനർ & ഓർഗനൈസിംഗ് സെക്രട്ടറി***

മെമ്പർ സെക്രട്ടറി, സംസ്ഥാന യുവജനക്ഷേമ ബോർഡ്

***ഓർഗനൈസിംഗ് കൺവീനർമാർ***

1. ജില്ലാ കളക്ടർ
2. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

***ജോയിന്റ് കൺവീനർമാർ***

1. യുവജനക്ഷേമ ബോർഡ് അംഗങ്ങൾ
2. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്

***കൺവീനർ (ഫിനാൻസ്)***

ഫിനാൻസ് ഓഫീസർ, സംസ്ഥാന യുവജനക്ഷേമ ബോർഡ്

***കൺവീനർ (ആർട്സ്)***

ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന യുവജനക്ഷേമ ബോർഡ്

***കൺവീനർ (സ്പോർട്സ്)***

സെക്രട്ടറി, സംസ്ഥാന സ്പോർട്സ് കൗൺസിൽ

***കോ-ഓർഡിനേറ്റർ***

ജില്ലയുടെ ചുമതലയുള്ള യുവജനക്ഷേമ ബോർഡ് അംഗം

***അംഗങ്ങൾ***

1. ജില്ലയിലെ നഗരസഭാ ചെയർമാൻമാർ
2. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ
3. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
4. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
5. എല്ലാ യുവജന രാഷ്ട്രീയ സംഘടനകളുടെയും പ്രതിനിധികൾ
6. റവന്യൂ ഡിവിഷണൽ ഓഫീസർ/സബ് കളക്ടർ
7. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
8. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
9. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
10. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
11. സോണൽ ഡയറക്ടർ, നെഹ്റു യുവ കേന്ദ്ര
12. സെക്രട്ടറി - കോർപ്പറേഷൻ/മുനിസിപ്പാലിറ്റി
13. ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.ആർ.ഡി.
14. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി
15. കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ
16. തഹസീൽദാർ (സംഘാടക ജില്ല)

17. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, സംസ്ഥാന യുവജനക്ഷേമ ബോർഡ്
18. ജില്ലാ കോ-ഓർഡിനേറ്റർ, സംസ്ഥാന യുവജനക്ഷേമ ബോർഡ്
19. ബന്ധപ്പെട്ട ജില്ലയിലെ സ്പോർട്സ് കൗൺസിൽ ജില്ലാ വൈസ് പ്രസിഡന്റ്
20. തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകളുടെ പ്രതിനിധികൾ

*(മേൽ നിർദ്ദേശിച്ചിരിക്കുന്ന ഘടനയ്ക്ക് പുറമേ യുക്തമായ വ്യക്തികളെ/സംഘടനകളെ കൂടി ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യം സംഘാടക സമിതി ചെയർമാന് ഉണ്ടായിരിക്കുന്നതാണ്.)*

## സബ് കമ്മിറ്റികൾ

ഓരോ തലത്തിലും ആവശ്യമായ തരത്തിലുള്ള സബ് കമ്മിറ്റികൾ സംഘാടക സമിതിയിൽ രൂപീകരിക്കേണ്ടതാണ്. സബ് കമ്മിറ്റികളുടെ അദ്ധ്യക്ഷൻമാർ കഴിയുന്നിടത്തോളം ജനപ്രതിനിധികളും, കൺവീനർ, സർക്കാർ/എയ്ഡഡ്/പൊതുമേഖല സ്ഥാപനത്തിലെ ഉദ്യോഗസ്ഥനും ആയിരിക്കേണ്ടതാണ്. സബ് കമ്മിറ്റിയുടെ യോഗങ്ങളിലേയ്ക്ക് സംഘാടക സമിതി ചെയർമാൻ, വർക്കിംഗ് ചെയർമാൻ, ഓർഗനൈസിംഗ് സെക്രട്ടറി എന്നിവരെ കൂടി ക്ഷണിക്കേണ്ടതാണ്. ആവശ്യമായത്ര അംഗങ്ങളെ ഓരോ സബ് കമ്മിറ്റിയിലും ഉൾപ്പെടുത്തണം.

++++++++++

# അദ്ധ്യായം – 4

# ഉത്തരവാദിത്വവും ചുമതലകളും

വിവിധ തലങ്ങളിലായി നടത്തുന്ന കേരളോത്സവം വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും ചിട്ടയായും സംഘടിപ്പിക്കുന്നതിന് ഓരോ തലത്തിലും വിപുലമായ സംഘാടക സമിതികൾ രൂപീകരിക്കണം. സമിതിയുടെ ഘടന അദ്ധ്യായം 3 ൽ വിശദീകരിച്ചിട്ടുണ്ട്. അദ്ധ്യക്ഷൻ മുതൽ അംഗങ്ങൾ വരെയുള്ള സമിതിയിലെ, ഭാരവാഹികളുടെ കൂട്ടായ പ്രവർത്തനവും കൂട്ടുത്തരവാദിത്വവും അർപ്പണമനോഭാവവും ഉത്സാഹവും കേരളോത്സവത്തിന്റെ വിജയകരമായ പൂർത്തീകരണത്തിന് അനിവാര്യമാണ്. നിർബന്ധമായും ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ സംബന്ധിച്ച സൂചനകളാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളുന്നത്. ഗ്രാമ/നഗരസഭാതലം മുതൽ ജില്ലാതലം വരെയുള്ള എല്ലാ തലങ്ങളിലെയും സംഘാടക സമിതികൾക്ക് ഇതു ബാധകമാണ്.

## ചെയർമാൻ

1. അദ്ധ്യായം 2 ൽ വിവരിച്ച സമയ ക്രമത്തിനും രണ്ടു മാസം മുമ്പെങ്കിലും കേരളോത്സവം സംബന്ധിച്ച അജണ്ട ഭരണ സമിതി യോഗത്തിൽ ഉൾപ്പെടുത്താൻ സെക്രട്ടറിയോട് യഥാസമയം നിർദ്ദേശിക്കുക.
2. അജണ്ട ചർച്ചയ്ക്ക് വരുമ്പോൾ അതിന് നേതൃത്വം നൽകുകയും വിപുലമായ മുന്നൊരുക്കങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാൻ സഹായിക്കുകയും ചെയ്യുക. യോഗത്തിൽ സംഘാടക സമിതിയ്ക്ക് രൂപം നൽകുന്നതിനുള്ള ആദ്യയോഗം ചേരുന്നതിന് തീയതി നിശ്ചയിക്കുകയും കേരളോത്സവത്തിന്റെ സ്ഥലവും തീയതിയും നിശ്ചയിക്കുകയും ചെയ്യുക.
3. സംഘാടക സമിതി രൂപീകരണ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുക. ചർച്ചയ്ക്ക് നേതൃത്വം നൽകുക. കേരളോത്സവം നടത്തുന്നതിനുള്ള സ്ഥലവും തീയതിയും (ഭരണസമിതി നിശ്ചയിച്ചിട്ടില്ലെങ്കിൽ) നിശ്ചയിക്കുകയും, സംഘാടക സമിതിയിലേയ്ക്ക് ഉൾപ്പെടുത്തേണ്ടവരുടെ പേര് വിവരം തയ്യാറാക്കുകയും ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക. യുവജന ക്ലബ്ബുകളുടെയും, യുവജന സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തുക. ആവശ്യമായ സബ് കമ്മിറ്റികൾക്ക് രൂപം നൽകുയും, സബ് കമ്മിറ്റികൾ യോഗം ചേർന്ന് കർമ്മ പരിപാടിയും ബഡ്ജറ്റും തയ്യാറാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
4. സംഘാടക സമിതി പൊതു യോഗത്തിൽ സബ് കമ്മിറ്റികളുടെ കർമ്മപരിപാടിയും ബഡ്ജറ്റും അവതരിപ്പിക്കുകയും ചർച്ച ചെയ്ത് അന്തിമ രൂപം നൽകുയും ചെയ്യുന്നതിന് നേതൃത്വം നൽകുക.
5. സബ് കമ്മിറ്റി ചെയർമാൻമാരുടെയും കൺവീനർമാരുടെയും യോഗങ്ങൾ ഇടക്കിടെ വിളിച്ചു ചേർക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുക.
6. ആവശ്യമുള്ളപ്പോൾ സംഘാടക സമിതി യോഗങ്ങൾ വിളിച്ചു ചേർക്കുക.
7. ഭരണ സമിതി തീരുമാനം ആവശ്യമുള്ള വിഷയങ്ങൾ അജണ്ടയായി ഉൾപ്പെടുത്തുക.
8. പ്രചാരണ പരിപാടികൾ ഫലപ്രദമാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും, ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
9. കാര്യപരിപാടികൾ യഥാസമയം തയ്യാറാക്കുന്നു എന്ന് ഉറപ്പുവരുത്തുക.

10. കേരളോത്സവം ഭംഗിയായും ചിട്ടയായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
11. കേരളോത്സവം നടക്കുമ്പോൾ കഴിയുന്നിടത്തോളം സ്ഥലത്തുണ്ടായിരിക്കുകയും, അപ്പീൽ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.
12. അടുത്ത തലത്തിലെ കേരളോത്സവ സംഘാടനത്തിൽ സഹകരിക്കുകയും, വിജയികളെ അതിൽ പങ്കെടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
13. കേരളോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുക.

## വൈസ് ചെയർമാൻ

1. കേരളോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിന് ചെയർമാന്റെ കടമകളും ഉത്തരവാദിത്വവും നിറവേറ്റുന്നതിൽ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക.
2. നേതൃത്വപരമായ പങ്ക് വഹിക്കുക.

## വർക്കിംഗ് ചെയർമാൻ

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കലാ-സാംസ്കാരിക-കായിക വിഷയങ്ങളുടെ ചുമതല വഹിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ സംഘാടക സമിതി ചെയർമാന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ കർമ്മപരമായ സഹകരണം നൽകുക.
2. മുഴുവൻ സമയ പ്രവർത്തനത്തിലൂടെ ചെയർമാനെ സഹായിക്കുക.
3. ഭരണ സമിതി യോഗത്തിൽ അജണ്ടയായി വരുന്നതിന് മുന്നോടിയായി സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുക.
4. കഴിയുന്നിടത്തോളം സബ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുക.
5. വിജയകരമായ നടത്തിപ്പിന് ആവശ്യമായ എല്ലാ നടപടികളും സംഘാടക സമിതി ചെയർമാനുമായി കൂടിയാലോചിച്ച് സ്വീകരിക്കുക.

## ജനറൽ കൺവീനർ/ഓർഗനൈസിംഗ് സെക്രട്ടറി

1. കേരളോത്സവം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെയും ശ്രദ്ധയിൽ കൊണ്ടുവരിക.
2. അദ്ധ്യക്ഷനുമായി കൂടിയാലോചിച്ച് അജണ്ടയിൽ വിഷയങ്ങൾ ഉൾപ്പെടുത്തുക.
3. അജണ്ട കുറിപ്പ് തയ്യാറാക്കുക.
4. സംഘാടക സമിതിയുടെ മിനിറ്റ്സ് തയ്യാറാക്കി സൂക്ഷിക്കുക.
5. കത്തുകൾ, അറിയിപ്പുകൾ, നോട്ടീസുകൾ, ബ്രോഷർ, പ്രോജക്ട് തുടങ്ങിയവ തയ്യാറാക്കുക.
6. സബ് കമ്മിറ്റി യോഗങ്ങളിൽ കഴിയുന്നിടത്തോളം പങ്കെടുക്കുക.
7. വരവ് - ചെലവ് കണക്കുകളും അതുസംബന്ധിച്ച രേഖകളും സൂക്ഷിക്കുക.
8. ധന മാനേജ്മെന്റ്
9. പ്രൈസ്മണി (ജില്ലാതലം മാത്രം) വിതരണത്തിനുവേണ്ടി വിജയികളുടെ ലിസ്റ്റ് യഥാസമയം യുവജനക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് നൽകുക.

10. മത്സരത്തിനുള്ള എൻട്രികൾ സംബന്ധിച്ച പ്രവർത്തനം.
11. യോഗ്യരായ വിധികർത്താക്കളെ കണ്ടെത്തുകയും നിയമനം നടത്തുകയും ചെയ്യുക.
12. മത്സരങ്ങൾ പൂർത്തീകരിച്ച് 3 ദിവസത്തിനകം പ്രവേശന ഫോറവും ലിസ്റ്റും, ടീം മാനേജരുടെയും, ഡെപ്യൂട്ടി ടീം മാനേജരുടെയും പേരും, വിലാസവും സഹിതം അടുത്ത തലത്തിലെ ജനറൽ കൺവീനർക്ക് നൽകുക.
13. മത്സരങ്ങൾ അവസാനിച്ച് 10 ദിവസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രവും 2 കോപ്പി വീതം ഫോട്ടോ ഗ്രാഫുകളും യുവജനക്ഷേമ ബോർഡിന്റെ ജില്ലാ ഓഫീസിൽ നൽകുക.
14. അപ്പീൽ കമ്മിറ്റിയിൽ പ്രവർത്തിക്കുക.
15. കേരളോത്സവത്തിന്റെ സമ്പൂർണ്ണ വിജയത്തിന് വേണ്ടി സംഘാടക സമിതി ചെയർമാൻ, വർക്കിംഗ് ചെയർമാൻ എന്നിവരുമായി ആലോചിച്ച് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക.

## കൺവീനർ (ഫിനാൻസ്)

1. ധന മാനേജ്മെന്റ്
2. വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച രേഖകളും സൂക്ഷിക്കുക , വരവ് ചെലവ് കണക്കുകൾ ക്രമീകരിക്കുക

## കൺവീനർ (സ്പോർട്സ്)

1. ജനറൽ കൺവീനറുടെ പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കായിക മത്സരങ്ങൾ, ഗെയിംസ്, അമ്പെയ്ത്ത്, നീന്തൽ, കളരിപ്പയറ്റ് എന്നിവയുടെ ചിട്ടയായ നടത്തിപ്പ്.
2. സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുക.
3. ട്രോഫികൾ വിതരണത്തിനായി സജ്ജമാക്കുക.
4. അപ്പീൽ കമ്മിറ്റി അംഗം.
5. എൻട്രികൾ ക്രോഡീകരിക്കുക.
6. മത്സരങ്ങളുടെ സമയ ക്രമം തയ്യാറാക്കി അറിയിക്കുക/പ്രസിദ്ധപ്പെടുത്തുക.
7. വിധി നിർണ്ണയത്തിന് യോഗ്യരായവരെ കണ്ടെത്തി ക്ഷണിക്കുന്നതിന് ജനറൽ കൺവീനറെ സഹായിക്കുക.
8. വിധി പ്രസ്താവനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.
9. മത്സര വിജയികളുടെ റെക്കാർഡ് തയ്യാറാക്കുക.

## കൺവീനർ (കലാ – സാഹിത്യം)

1. കലാ-സാഹിത്യ മത്സരങ്ങളുടെ ചിട്ടയായ നടത്തിപ്പ്.
2. സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുക.
3. ട്രോഫികൾ വിതരണത്തിന് സജ്ജമാക്കുക.
4. അപ്പീൽ കമ്മിറ്റി അംഗം
5. എൻട്രികൾ ക്രോഡീകരിക്കുക.
6. മത്സരങ്ങളുടെ സമയക്രമം തയ്യാറാക്കി അറിയിക്കുക/പ്രസിദ്ധീകരിക്കുക.
7. വിധി പ്രസ്താവത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.
8. യോഗ്യരായ വിധികർത്താക്കളെ കണ്ടെത്തുകയും നിയമനം നടത്തുകയും

ചെയ്യുന്നതിന് ജനറൽ കൺവീനറെ സഹായിക്കുക.

9. കലാമത്സരങ്ങളുടെ റിസൾട്ട് ഔദ്യോഗികമായി അംഗീകരിക്കുക.

## ജോയിന്റ് കൺവീനർ

1. സംഘാടക സമിതി ജനറൽ കൺവീനറെ മുഴുവൻ സമയ പ്രവർത്തനത്തിലൂടെ സഹായിക്കുക.

## കോ – ഓർഡിനേറ്റർ, കോ – ഓർഡിനേഷൻ സമിതി

1. കേരളോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ടിയും, വിവിധ പരിപാടികളുടെ ഏകോപനം നടത്തുന്നതിനും സംഘാടക സമിതി അദ്ധ്യക്ഷനെയും, ജനറൽ കൺവീനറെയും സഹായിക്കുക.
2. യുവജനക്ഷേമ ബോർഡും തദ്ദേശ സ്വയംഭരണ സ്ഥാപനവും തമ്മിലുള്ള ഏകോപനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക.
3. കേരളോത്സവ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി ക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
4. പ്രാഥമികതലം മുതൽ കേരളോത്സവം യുവജനങ്ങളുടേയും ക്ലബ്ബുകളുടേയും മറ്റ് സംഘടനകളുടേയും പങ്കാളിത്തത്തോടെ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് സഹായിക്കുക.

## അംഗങ്ങൾ

1. സംഘാടക സമിതി യോഗങ്ങളിൽ പങ്കെടുക്കുക.
2. ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുക.
3. പ്രചാരണ പരിപാടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
4. സംഘാടക സമിതി തീരുമാനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.
5. കേരളോത്സവത്തിന്റെ സമ്പൂർണ്ണ വിജയത്തിനായി അർപ്പണബോധത്തോടെ പ്രവർത്തിക്കുക.

## സബ് കമ്മിറ്റി

1. സബ് കമ്മിറ്റികൾ അവയുടെ ചെയർമാൻ കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ അവയെ ചുമതലപ്പെടുത്തിയ മേഖലയിൽ അർപ്പണബോധത്തോടെ പ്രവർത്തിക്കേണ്ടതാണ്.
2. സബ് കമ്മിറ്റികളുടെ ചിട്ടയായ പ്രവർത്തനമാണ് കേരളോത്സവത്തിന്റെ വിജയം എന്ന ബോധ്യത്തോടെ സംഘാടക സമിതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കണം.
3. മത്സരങ്ങൾ നടത്തുന്നതിനുള്ള സബ് കമ്മിറ്റികൾ എൻട്രികൾ ക്രോഡീകരിക്കുക, മത്സരങ്ങളുടെ സമയക്രമം നിശ്ചയിക്കുക, സമയക്രമം അറിയിക്കുക/പ്രസിദ്ധീകരിക്കുക, വിധിനിർണ്ണയത്തിന് യോഗ്യരായവരെ കണ്ടെത്തി ക്ഷണിക്കുക, വിധി പ്രസ്താവത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുക, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുക, സ്കോർ ഷീറ്റ്, വിജയികളുടെ പട്ടിക, അടുത്ത തലത്തിൽ മത്സരിക്കേണ്ട വിജയികളുടെ പട്ടിക എന്നിവ തയ്യാറാക്കുക, ആക്ഷേപത്തിന് ഇടവരാത്തവിധം മത്സരങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തണം.

++++++++++

## അദ്ധ്യായം 5

# പൊതു വിവരങ്ങൾ

1. പ്രാഥമികതലം മുതൽ മത്സരങ്ങൾ കേരളോത്സവ മാർഗ്ഗരേഖ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സംഘടിപ്പിക്കേണ്ടത്.
2. പ്രാഥമിക മത്സരങ്ങൾ ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതലങ്ങളിലാണ് സംഘടിപ്പിക്കുന്നത്.
3. അതത് പ്രദേശത്തെ സ്ഥലവാസികൾക്കു മാത്രമേ പ്രാഥമികതല മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളു.
4. കേരളോത്സവ നടത്തിപ്പിന്റെ പൊതു നിയന്ത്രണം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനായിരിക്കും.
5. മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. ക്ലബ്ബുകളുടെ പേരിൽ ഗ്രാമതലം മുതൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതാത് ക്ലബ്ബുകളുടെ പേരിലായിരിക്കണം സംസ്ഥാനതലം വരേയും മത്സരിക്കേണ്ടത്. ക്ലബ്ബിന്റെ പേരിൽ മത്സരിക്കുന്ന വ്യക്തികൾ അനുബന്ധം (2) ൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്നു എന്ന വിവരം ക്ലബ്ബ് ഭാരവാഹികൾ സാക്ഷ്യപ്പെടുത്തി അതാത് പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ യൂത്ത് കോ-ഓർഡിനേറ്റർമാർക്കോ പഞ്ചായത്ത് /ജില്ലാ ഉദ്യോഗസ്ഥർക്കോ നൽകേണ്ടതാണ്.
6. ജില്ലാതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് ഒന്നാം സമ്മാനമായി 25,000/- രൂപയും രണ്ടാം സമ്മാനമായി 15,000/- രൂപയും മൂന്നാം സമ്മാനമായി 10,000/-രൂപയും നൽകുന്നു.
7. സംസ്ഥാനതലത്തിൽ കലാകായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബിന് ഒന്നാം സമ്മാനമായി 1,50,000/- രൂപയും രണ്ടാം സമ്മാനമായി 75,000/- രൂപയും മൂന്നാംസമ്മാനം 50,000/- രൂപയും നൽകുന്നു.
8. സംസ്ഥാനതല കേരളോത്സവത്തിൽ കലാകായിക വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരാകുന്നവർക്ക് പ്രത്യേകം ട്രോഫി നൽകുന്നു.
9. സംസ്ഥാനതല കേരളോത്സവത്തിൽ കലാ കായിക വിഭാഗങ്ങൾ ചേർത്ത് ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് രാജീവ്ഗാന്ധി സ്മാരക എവർറോളിംഗ് ട്രോഫി നൽകുന്നു.
10. ദേശീയ യുവജനനയം അനുസരിച്ച് യുവോത്സവ മത്സര ഇനങ്ങൾക്ക് 2026 ജനുവരി 1 ന് 15 വയസ് തികഞ്ഞവർക്കും 29 വയസ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് പങ്കെടുക്കുവാനുള്ള അർഹതയുണ്ടായിരിക്കും.
11. കേരളോത്സവ ഇനങ്ങളായ കലാ-കായിക മത്സരങ്ങൾക്ക് 2025 സെപ്റ്റംബർ 1 ന് 15 വയസ് തികഞ്ഞവർക്കും 40 വയസ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടായിരിക്കും.

12. കേരളോത്സവ കായിക ഇനമായ യോഗ മത്സരങ്ങൾക്ക് 2025 സെപ്റ്റംബർ 1 ന് 18 വയസ് തികഞ്ഞവർക്കും 40 വയസ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടായിരിക്കും. പ്രായത്തിന്റെ അടിസ്ഥാനത്തിൽ 18 വയസ്സ് മുതൽ 30 വയസ്സ് വരെയും, 30 വയസ്സു മുതൽ 40 വയസ്സുവരെയും എന്നിങ്ങനെ രണ്ട് ഏജ് ഗ്രൂപ്പുകളിലായാണ് യോഗാ മത്സരം സംഘടിപ്പിക്കേണ്ടത്. ഫ്രീ ഫ്ളോ യോഗാ ഡാൻസ് മത്സരത്തിൽ 18 മുതൽ 30 വയസ്സുവരെയുള്ളർക്കു മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. (വിശദ വിവരങ്ങൾ അധ്യായം 9 (6) ൽ ചേർത്തിട്ടുണ്ട്.)

13. ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് അതത് ബ്ലോക്ക്-മുൻസിപ്പാലിറ്റി-കോർപ്പറേഷൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യാത്രാ ബത്ത നൽകേണ്ടതാണ്.

14. സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നവർക്കുള്ള യാത്രാബത്ത നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന യുവജനക്ഷേമ ബോർഡ് വഹിക്കും. താമസ സ്ഥലത്ത് നിന്നും തൊട്ടടുത്തുള്ള റെയിൽവെ സ്റ്റേഷൻ വരെയുള്ള ബസ് ചാർജ്ജും, തുടർന്ന് സെക്കന്റ് ക്ലാസ്സ് സ്ലീപ്പർ ട്രെയിൻ ഫെയറും, അനുവദിക്കുന്നതാണ്.

15. ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രൈസ്മണി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നൽകുന്നതാണ്.

16. എല്ലാ തലങ്ങളിലും കേരളോത്സവ ബാനറുകളിലും നോട്ടീസുകളിലും കേരളോത്സവ ലോഗോയും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്നും രേഖപ്പെടുത്തേണ്ടതാണ്.

17. പ്രാഥമികതലം മുതൽ വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ മാതൃക (അനുബന്ധം -1)

18. കലാ-കായിക മത്സരങ്ങളിൽ ഗെയിംസ് ഒഴികെ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് സർട്ടിഫിക്കറ്റും പ്രൈസ്മണിയും നൽകേണ്ടതാണ്. ഗെയിംസ് മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് മാത്രമേ സർട്ടിഫിക്കറ്റും പ്രൈസ്മണിയും നൽകേണ്ടതുള്ളൂ. ഗെയിംസ് മത്സരങ്ങളിൽ മൂന്നാം സ്ഥാനക്കാരെ തെരഞ്ഞെടുക്കുന്ന ലൂസേഴ്സ് ഫൈനൽ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ആർച്ചറി മത്സരത്തിൽ ഇത് ബാധകമല്ല.

19. പ്രൈസ്മണി, ടി.എ എന്നിവ ഓൺലൈൻ ട്രാൻസാക്ഷൻ വഴിയായിരിക്കും നൽകുക. അതിനായി ഓൺലൈൻ വഴിയോ / നേരിട്ടോ രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടിന്റെ വ്യക്തമായ വിവരങ്ങൾ നൽകേണ്ടതാണ്. മത്സരാർത്ഥികൾക്ക് ഓൺലൈനായും ഓൺലൈനായി രജിസ്ട്രേഷൻ ചെയ്യാൻ ബുദ്ധിമുട്ടുള്ളവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നേരിട്ടും കേരളോത്സവ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ നിർബന്ധമായും തിരിച്ചറിയൽ രേഖയുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. (ആധാർ/ഇലക്ഷൻ ഐ.ഡി.കാർഡ്/ഡ്രൈവിംഗ് ലൈസൻസ്, ഫോട്ടോ പതിച്ച സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങി സർക്കാർ വിതരണം ചെയ്ത തിരിച്ചറിയൽ രേഖകൾ). ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം 7 ൽ പ്രതിപാദിക്കുന്നുണ്ട്.

20. ജില്ലാ കേരളോത്സവത്തിന്റെ മത്സരങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ശരിയായ പൂർണ്ണരൂപത്തിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടതാണ്. ഇല്ലെങ്കിൽ മതിയായ കാരണം രേഖാമൂലം എഴുതി നൽകേണ്ടതാണ്.

21. കേരളോത്സവം ജില്ലാതലത്തിലേക്കും സംസ്ഥാനതലത്തിലേക്കും പങ്കെടുക്കുന്നവരുടെ എൻട്രി പാസുകൾ നൽകുന്നത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മാത്രമായിരിക്കും.

22. മത്സര വിജയികളെ അടുത്ത തലത്തിലേയ്ക്ക് അയക്കുമ്പോൾ ഓൺലൈൻ എൻട്രിഫോം അയക്കുന്ന ഉദ്യോഗസ്ഥൻ മത്സരാർത്ഥിയുടെ പ്രായപരിധി കർശനമായും പരിശോധിക്കേണ്ടതും, അല്ലാത്തവ ഒഴിവാക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ വ്യക്തിഗതമായോ ടീമായോ മത്സരിക്കുന്ന ഏതെങ്കിലും ഒരു മത്സരാർത്ഥിയുടെ വയസ്സ് മാർഗ്ഗരേഖയിൽ നിഷ്ക്കർഷിക്കും പ്രകാരമല്ലെങ്കിൽ അയോഗ്യരാക്കുന്നതായിരിക്കും. തെറ്റായ രേഖകൾ പ്രകാരം മത്സരിക്കുവാൻ അർഹത നേടിയത് തെളിയിക്കപ്പെട്ടു കഴിഞ്ഞാൽ അടുത്ത 3 വർഷം കേരളോത്സവത്തിൽ മത്സരിക്കുവാൻ അയോഗ്യരാക്കപ്പെടുന്നതാണ്.

23. ജില്ലാ ടീം മാനേജർമാർ സംസ്ഥാന കേരളോത്സവം നടക്കുന്ന ദിവസങ്ങളിൽ നോഡൽ ഓഫീസറിന് മുമ്പാകെ എല്ലാദിവസവും ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

24. കലാമത്സരങ്ങളിൽ ഏതെങ്കിലും ഒരിനത്തിൽ ഒരാൾ മാത്രമേ ഉള്ളൂ എങ്കിൽ ആ ഇനം അവതരിപ്പിക്കുവാൻ അവസരം നൽകുകയും അതിൽ എ ഗ്രേഡ് നേടുകയാണെങ്കിൽ മാത്രം ക്യാഷ് പ്രൈസ് നൽകേണ്ടതുള്ളൂ. അല്ലാത്തപക്ഷം ലഭിച്ച ഗ്രേഡ് രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് മാത്രം നൽകേണ്ടതാണ്.

25. ഓവർആൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കു ലഭിച്ച മാർക്കിനു പുറമേ ഗ്രേഡിന് ലഭിച്ച മാർക്ക് കൂടി കണക്കാക്കേണ്ടതാണ്. കൂടാതെ മത്സരാർത്ഥികൾക്ക് ഗ്രേഡ് മാത്രം ലഭിക്കുകയാണെങ്കിൽ ലഭിച്ച ഗ്രേഡിന്റെ പോയിന്റ് കൂടി ഓവറോൾചാമ്പ്യൻഷിപ്പ് നിർണ്ണയിക്കുമ്പോൾ പരിഗണിക്കണം.

26. കലാമത്സരങ്ങളിൽ ഒരാൾക്ക് നാല് വ്യക്തിഗത ഇനങ്ങളിലും മൂന്ന് ഗ്രൂപ്പിനങ്ങളിലും മാത്രമേ പങ്കെടുക്കാൻ അർഹതയുള്ളൂ.

27. അത്‌ലറ്റിക്സ് ഇനങ്ങളിൽ ഒരാൾക്ക് പരമാവധി 3 ഇനങ്ങളിലും കൂടാതെ റിലേയിലും പങ്കെടുക്കാവുന്നതാണ്. നീന്തൽ മത്സരങ്ങളിൽ ഒരാൾക്ക് പരമാവധി 4 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ സാധിക്കൂ. ഗയിംസ് മത്സരങ്ങളിൽ ഒരാൾക്ക് പരമാവധി 4 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ സാധിക്കൂ. കളരിപ്പയറ്റ് മത്സരങ്ങളിൽ ഒരാൾക്ക് പരമാവധി 4 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ സാധിക്കൂ.

28. ഗെയിംസ് മത്സരങ്ങളായ വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, ക്രിക്കറ്റ്, കബഡി, വടംവലി എന്നീ ഇനങ്ങളിൽ ടീമിലെ മുഴുവൻ മത്സരാർത്ഥികൾക്കും (സബ്സ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ) പ്രാഥമിക തലത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ബാക്കി അനുവദിക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്താൻ ജില്ലാതലം വരെ സൗകര്യം ഉണ്ടായിരിക്കും.

29. കായിക മത്സരങ്ങളിലെ (ടീം ഇനങ്ങൾ) മത്സരാർത്ഥികൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിൽ നിന്നും വിജയിച്ച് തൊട്ടടുത്ത തലങ്ങളിലേക്ക് പോകുമ്പോൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ മികച്ച ടീമിനെ തയ്യാറാക്കി തൊട്ടടുത്ത തലങ്ങളിൽ മത്സരിപ്പിക്കാവുന്നതാണ്. ഇതിനുള്ള അധികാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. മികച്ച ടീമിനെ തയ്യാറാക്കുന്നതിന് കായിക അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

++++++++++

## അദ്ധ്യായം – 6

# യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം

1. മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. ക്ലബ്ബുകളുടെ പേരിൽ ഗ്രാമതലം മുതൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതാത് ക്ലബ്ബുകളുടെ പേരിലായിരിക്കണം സംസ്ഥാനതലം വരേയും മത്സരിക്കേണ്ടത്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ സംസ്ഥാനതലം വരെ മറ്റൊരു ക്ലബ്ബിന്റെ പേരിൽ മത്സരിക്കാൻ സാധിക്കുകയില്ല. മത്സരിക്കുന്ന വ്യക്തികൾ അനുബന്ധം (2) ൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്നു എന്ന വിവരം ക്ലബ്ബ് ഭാരവാഹി കൾ സാക്ഷ്യപ്പെടുത്തി അതാത് പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ യൂത്ത് കോ-ഓർഡിനേറ്റർമാർക്കോ ബ്ലോക്ക്/ജില്ലാ ഉദ്യോഗസ്ഥർക്കോ നിർബന്ധ മായും നൽകേണ്ടതാണ്.

2. ക്ലബ്ബിന്റെ പേരിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിന്റെ പേരും വിലാസവും കൃത്യമായും രേഖപ്പെടുത്തണം. അഫിലിയേറ്റ് ചെയ്യാത്ത ക്ലബ്ബുകൾക്ക് ഓൺലൈൻ ആയി അഫിലിയേറ്റ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്.

3. ജില്ലാതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് ഒന്നാം സമ്മാനമായി 25,000/- രൂപയും രണ്ടാം സമ്മാനമായി 15,000/- രൂപയും മൂന്നാം സമ്മാനമായി 10,000/-രൂപയും നൽകുന്നു.

4. സംസ്ഥാനതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബിന് ഒന്നാം സമ്മാനമായി 1,50,000/- രൂപയും രണ്ടാം സമ്മാനമായി 75,000/- രൂപയും മൂന്നാംസമ്മാനം 50,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്.

# അദ്ധ്യായം – 7

## രജിസ്ട്രേഷൻ

1. പ്രാഥമികതലം മുതൽ മത്സരാർത്ഥികൾക്ക് കേരളോത്സവ വെബ്പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2. പ്രാഥമികതല കേരളോത്സവത്തിന്റെ സംഘാടന ചുമതല (ഗ്രാമ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതലങ്ങൾ) അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ആയതിനാൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളുടെ വിവരങ്ങൾ അടുത്തതലത്തിലേക്ക് നൽകുന്നു. ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള വിജയികളെ ബ്ലോക്ക്തലത്തിലേക്കും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതലത്തിലുള്ള വിജയികളെ ജില്ലാതലത്തിലേക്കുമാണ് ഓൺലൈനായി എൻട്രികൾ നൽകേണ്ടത്. എൻട്രികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തയ്യാറാക്കിയ കേരളോത്സവ വെബ്പോർട്ടൽ വഴിയാണ് നൽകേണ്ടത്.
3. ക്ലബ്ബിന്റെ പേരിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ ക്ലബ്ബിന്റെ പേരും വിലാസവും കൃത്യമായി രേഖപ്പെടുത്തണം.
4. മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. ക്ലബ്ബുകളുടെ പേരിൽ ഗ്രാമതലം മുതൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതാത് ക്ലബ്ബുകളുടെ പേരിലായിരിക്കണം സംസ്ഥാനതലം വരെയും മത്സരിക്കേണ്ടത്. ക്ലബ്ബിന്റെ പേരിൽ മത്സരിക്കുന്ന വ്യക്തികൾ അനുബന്ധം (2) ൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്നു എന്ന വിവരം ക്ലബ്ബ് ഭാരവാഹികൾ സാക്ഷ്യപ്പെടുത്തി അതാത് പഞ്ചായത്ത് / കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളിലെ യൂത്ത് കോ-ഓർഡിനേറ്റർമാർക്കോ പഞ്ചായത്ത് / മുനിസിപ്പൽ/ കോർപ്പറേഷൻ ഉദ്യോഗസ്ഥർക്കോ നൽകേണ്ടതാണ്.
5. ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് അതത് യുവജന ക്ഷേമ ബോർഡ് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ജില്ലാ ഓഫീസുകളുടെ വിലാസം അനുബന്ധം 8 ആയി ചേർത്തിട്ടുണ്ട്.

++++++++++

# അദ്ധ്യായം 8

# കലാമത്സരങ്ങൾ

കലാമത്സരങ്ങളിൽ ഒരാൾക്ക് 4 വ്യക്തിഗത ഇനങ്ങളിലും 3 ഗ്രൂപ്പിനങ്ങളിലും മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

## 8.1. ദേശീയ യുവോത്സവം

1. കേന്ദ്ര സർക്കാരിന്റെ ദേശീയ യുവോത്സവ മാനദണ്ഡ പ്രകാരമായിരിക്കണം മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.
2. 2026 ജനുവരി 1 ന് 15 വയസ്സ് തികഞ്ഞവരും 29 വയസ്സ് കവിയാത്തവരുമായ യുവജനങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളു.
3. വായ്പ്പാട്ട് (ക്ലാസിക്കൽ ഹിന്ദുസ്ഥാനി) മണിപ്പൂരി, കഥക്, ഒഡീസ്സി, സിത്താർ, വീണ ഗിത്താർ, ഹാർമോണിയം (ലൈറ്റ്), ഫ്ളൂട്ട്, സ്റ്റോറി റൈറ്റിംഗ് (ഇംഗ്ലീഷ്/ഹിന്ദി) എന്നീ ഇനങ്ങൾ പ്രാഥമിക തലത്തിൽ മത്സര ഇനങ്ങളായി ഉൾപ്പെടുത്തേണ്ടതില്ല. ജില്ലാതലത്തിൽ നേരിട്ട് എൻട്രികൾ സ്വീകരിച്ച് മത്സരം നടത്തേണ്ടതാണ്.

## 8.2. കാറ്റഗറി 1 : ദേശീയ യുവോത്സവ ഇനങ്ങൾ

| *ക്രമ നമ്പർ* | *മത്സര ഇനം* | *പങ്കെടുക്കുന്നവരുടെ എണ്ണം* | *സമയപരിധി* |
|---|---|---|---|
| 1. | വായ്പ്പാട്ട് (ക്ലാസിക്കൽ - ഹിന്ദുസ്ഥാനി) * | ഒരാൾ | 15 മിനിറ്റ് |
| 2. | കർണ്ണാടക സംഗീതം | ഒരാൾ | 15 മിനിറ്റ് |
| 3. | ഭരതനാട്യം | ഒരാൾ | 15 മിനിറ്റ് |
| 4. | കുച്ചുപ്പുടി | ഒരാൾ | 15 മിനിറ്റ് |
| 5. | മണിപ്പൂരി * | ഒരാൾ | 15 മിനിറ്റ് |
| 6. | കഥക് * | ഒരാൾ | 15 മിനിറ്റ് |
| 7. | ഒഡീസ്സി * | ഒരാൾ | 15 മിനിറ്റ് |
| 8. | സിത്താർ * | ഒരാൾ | 15 മിനിറ്റ് |
| 9. | ഫ്ളൂട്ട് * | ഒരാൾ | 15 മിനിറ്റ് |
| 10. | വീണ * | ഒരാൾ | 15 മിനിറ്റ് |
| 11. | തബല | ഒരാൾ | 10 മിനിറ്റ് |
| 12. | മൃദംഗം | ഒരാൾ | 10 മിനിറ്റ് |
| 13. | ഹാർമോണിയം (ലൈറ്റ്) * | ഒരാൾ | 10 മിനിറ്റ് |
| 14. | ഗിത്താർ * | ഒരാൾ | 10 മിനിറ്റ് |
| 15. | നാടോടിപ്പാട്ട് (സിംഗിൾ) | ഒരാൾ | 7 മിനിറ്റ് |
| 16. | നാടോടിപ്പാട്ട് (ഗ്രൂപ്പ്) | 10 പേർ | 7 മിനിറ്റ് |
| 17. | നാടോടിനൃത്തം (സിംഗിൾ) | ഒരാൾ | 10 മിനിറ്റ് |
| 18. | നാടോടി നൃത്തം(ഗ്രൂപ്പ്) | 10 പേർ | 15 മിനിറ്റ് |
| 19. | പ്രസംഗം (ഹിന്ദി /ഇംഗ്ലീഷ്) | ഒരാൾ | 3 മിനിറ്റ് |
| 20. | കഥാരചന (ഇംഗ്ലീഷ്/ഹിന്ദി)* | ഒരാൾ | 60 മിനിറ്റ് |
| 21. | കവിതരചന(ഹിന്ദി/ഇംഗ്ലീഷ്) | ഒരാൾ | 60 മിനിറ്റ് |
| 22. | പെയ്ന്റിംഗ് | ഒരാൾ | 90 മിനിറ്റ് |
| ** ജില്ലാതലം മുതൽ മാത്രം മത്സരങ്ങൾ* | | | |

**NB: കാറ്റഗറി 1-ലെ ഇനങ്ങളിൽ കേന്ദ്ര കായിക യുവജന മന്ത്രാലയം നിശ്ചയിക്കുന്ന മത്സരയിനങ്ങളിലെ വിജയികൾക്കു മാത്രമേ ദേശീയ യുവോത്സവത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.**

## 8.3. മത്സരങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ, മൂല്യ നിർണ്ണയോപാധികൾ

### 1. *വായ്പാട്ട് (ക്ലാസ്സിക്കൽ - ഹിന്ദുസ്ഥാനി) :*

പരമാവധി സമയം 15 മിനിറ്റ്. ഇതിനു പുറമെ സ്റ്റേജ് ഒരുക്കങ്ങൾക്കായ് (വാദ്യോപകരണങ്ങൾ, ഒരുക്കം, മൈക്ക് സെറ്റിംഗ് മുതലായവ) 5 മിനിറ്റ് കൂടി അനുവദിക്കുന്നതാണ്. സിനിമാഗാനങ്ങൾ അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശാരീരം 2. ശ്രുതിലയം 3. ജ്ഞാനഭാവം 4. സാഹിത്യം 5. താളം 6. മനോധർമ്മം 7. പക്കമേളങ്ങളുടെ സമ്മിശ്രണം

### 2. കർണ്ണാടക സംഗീതം

പരമാവധി സമയം 15 മിനിറ്റ്. ഇതിന് പുറമെ സ്റ്റേജ് ഒരുക്കങ്ങൾക്കായ് (വാദ്യോപകരണങ്ങൾ, ഒരുക്കം, മൈക്ക് സെറ്റിംഗ് മുതലായവ) 5 മിനിറ്റ് കൂടി അനുവദിക്കുന്നതാണ്. സിനിമാഗാനങ്ങൾ അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശാരീരം 2. ശ്രുതിലയം 3. ജ്ഞാനഭാവം 4. സാഹിത്യം 5. താളം 6. മനോധർമ്മം 7. പക്കമേളങ്ങളുടെ സമ്മിശ്രണം

### 3. ഭരതനാട്യം

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിറ്റ് അധികമായി നൽകുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യശുദ്ധി

### 4. കുച്ചുപ്പുടി

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിട്ട് അധികമായി നൽകുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

### 5. മണിപ്പൂരി

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിറ്റ് അധികമായി നൽകുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി.

### 6. കഥക്

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിറ്റ് അധികമായി നൽകുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

### 7. ഒഡീസ്സി

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിറ്റ് അധികമായി നൽകുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

## 8. സിത്താർ

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 15 മിനിറ്റ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി അധികമായി 5 മിനിട്ട് അനുവദിക്കുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതി ചേർച്ച 2. നാദം 3. രാഗഭാവം 4. താളം 5. മീട്ട്

## 9. ഫ്ളൂട്ട്

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 15 മിനിറ്റ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി അധികമായി 5 മിനിട്ട് അനുവദിക്കുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. താളം 3. മനോധർമ്മം 4. ശ്രുതിലയപ്രയോഗം

## 10. വീണ

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 15 മിനിറ്റ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി അധികമായി 5 മിനിട്ട് അനുവദിക്കുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതി ചേർച്ച 2. നാദം 3 രാഗഭാവം 4. താളം 5. താളകമ്പികളുടെ പ്രയോഗ സിദ്ധി 6. മീട്ട്

## 11. തബല

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി അധികമായി 5 മിനിട്ട് അനുവദിക്കുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. അംഗുലീപ്രയോഗം 3. ലയം 4. മനോധർമ്മം 5. ചൊൽ ശുദ്ധം

## 12. മൃദംഗം

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി അധികമായി 5 മിനിട്ട് അനുവദിക്കുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. അംഗുലീപ്രയോഗം 3. ലയം 4. മനോധർമ്മം 5. ചൊൽ ശുദ്ധം.

## 13. ഹാർമോണിയം *(ലൈറ്റ്)*

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. പരമാവധി സമയം 10 മിനിട്ട്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിട്ട് അധികമായി നൽകുന്നതാണ്. ലളിതഗാന ശൈലിയിലായിരിക്കണം ഇനം അവതരിപ്പിക്കേണ്ടത്. സിനിമാഗാനം അനുവദനീയമല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1.നാദം 2.രാഗഭാവം 3.താളം 4.മനോധർമ്മം 5.ശ്രുതി ലയം

## 14. ഗിറ്റാർ

പരമാവധി സമയം 10 മിനിട്ട്. സ്റ്റേജ് ഒരുങ്ങൾക്കായി 5 മിനിട്ട് അധികമായി നൽകുന്നതാണ്. പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഇന്ത്യൻ/ പാശ്ചാത്യ സംഗീതത്തിൽ ഇനം അവതരിപ്പിക്കാവുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. രാഗഭാവം 3. താളം 4. ശ്രുതിചേർച്ച 5. മീട്ട്

15. **നാടോടിപ്പാട്ട്** *(സിംഗിൾ)*

സമയം 7 മിനിട്ട്. രംഗസജ്ജീകരണത്തിന് പരമാവധി സമയം 5 മിനിട്ടാണ്. ഇതിനായി തെരഞ്ഞെടുക്കുന്ന ഗാനങ്ങൾ ഏത് പ്രാദേശിക ഭാഷയിലുമാകാം. സിനിമാ ഗാനങ്ങൾ അനുവദനീയമല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. താളം 3. ശ്രുതിലയവും ശബ്ദ ഭംഗിയും 4. സാഹിത്യതനിമ 5. വിഷയ, താള ചേർച്ച 6.പാട്ടിന്റെ തനതു ഭാഷ.

16. **നാടോടിപ്പാട്ട്** *(ഗ്രൂപ്പിനം)*

സമയം 7 മിനിട്ട്. രംഗസജ്ജീകരണത്തിന് പരമാവധി സമയം 5 മിനിട്ടാണ്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ഇതിനായി തെരഞ്ഞെടുക്കുന്ന ഗാനങ്ങൾ ഏത് പ്രാദേശിക ഭാഷയിലുമാകാം.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. താളം 3. ശ്രുതിലയവും ശബ്ദഭംഗിയും 4. സാഹിത്യതനിമ 5. വിഷയ, താള ചേർച്ച

17. **നാടോടിനൃത്തം** *(സിംഗിൾ)*

സമയം 10 മിനിട്ട്. മത്സരാർത്ഥികൾക്കുപുറമെ പിന്നണിയിൽ 4 പേർ അനുവദനീയമാണ്. മുദ്രാഭിനയം ഒഴിവാക്കണം, പിന്നണിയ്ക്ക് റെക്കോർഡ് ചെയ്ത സംഗീതം അനുവദനീയമല്ല. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം മത്സരം ഉണ്ടായിരിക്കുന്നതല്ല. രംഗ സജ്ജീകരണത്തിന് 5 മിനിട്ടിൽ കൂടുതൽ സമയം അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. താളമേളം 2. നൃത്തവിദ്യ 3. സംവിധാനകല 4. വേഷഭംഗി 5. അവതരണശൈലി 6. സാഹിത്യ തനിമ 7. വിഷയ, താള ചേർച്ച 8. പാട്ടിന്റെ തനതു ഭാഷ

18. **നാടോടി നൃത്തം** *(ഗ്രൂപ്പിനം)*

പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ഇതിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും ഉൾപ്പെടുത്താവുന്നതാണ്. നാടോടിനൃത്തത്തിന് അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്, ഇന്ത്യൻ ശൈലിയിലുള്ള നാടോടി നൃത്തമോ പരമ്പരാഗത നൃത്തമോ ആയിരിക്കണം. ശാസ്ത്രീയ നൃത്തം, ബാലെ നൃത്തം എന്നിവ അനുവദിക്കുന്നതല്ല. സ്റ്റേജ് ഒരുക്കുന്നതിന് 5 മിനിട്ട് സമയം അനുവദിക്കുന്നതാണ്. പിന്നണിയിൽ ടേപ്പ് റിക്കാർഡർ/സി.ഡി. അനുവദിക്കുന്നതല്ല. നൃത്തത്തിന്റെ തീം, പാട്ടിന്റെ വരികൾ എന്നിവ സംബന്ധിച്ച ഒരു ഹ്രസ്വ കുറിപ്പിന്റെ 3 കോപ്പികൾ സമർപ്പിക്കണം. പങ്കെടുക്കുന്ന ടീം അവരുടെ അതരണം പൂർത്തിയാക്കിയാൽ ഉടൻതന്നെ അവരുടെ സെറ്റുകൾ, പ്രോപ്പർട്ടികൾ മുതലായവ സ്റ്റേജിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. താളമേളം 2. നൃത്തവിദ്യ 3. സംവിധാനകല 4. വേഷഭംഗി 5. അവതരണശൈലി 6. സാഹിത്യ തനിമ 7. വിഷയ, താള ചേർച്ച 8. പാട്ടിന്റെ തനതു ഭാഷ

19. **പ്രസംഗം** *(ഹിന്ദി/ഇംഗ്ലീഷ്)*

ഹിന്ദിയിലോ ഇംഗ്ലീഷിലോ ആയിരിക്കണം പ്രസംഗം. പ്രസംഗത്തിനായി അനുവദിക്കുന്ന പരമാവധി സമയം 3 മിനിട്ടാണ്. നിശ്ചയിക്കപ്പെടുന്ന വിഷയങ്ങളിൽ നിന്നും നറുക്കിട്ടെടുക്കുന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കേണ്ടതാണ്. വീണ്ടും വിഷയം തെരഞ്ഞെടുക്കാൻ അവസരം നൽകുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയ സ്ഫുടത 2. അക്ഷര സ്ഫുടത 3. ഭാഷാ ശുദ്ധി 4. ധാരാവാഹിത്വം 5. ശബ്ദനിയന്ത്രണം 6. വിഷയബന്ധം.

20. **കഥാരചന** *(ഹിന്ദി/ഇംഗ്ലീഷ്)*

സമയം 60 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയസ്ഫുടത 2. ഭാഷാശുദ്ധി 3. അവതരണ ശൈലി 4. സാഹിത്യശുദ്ധി.

**21. കവിതാരചന(ഹിന്ദി/ഇംഗ്ലീഷ്)**

സമയം 60 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും. പരമാവധി 500 വാക്കുകളിൽ കവിയാൻ പാടില്ല. കവിതയിൽ കുറ്റകരമോ, സ്പഷ്ടമോ, അനുചിതമായതോ ആയ ഉള്ളടക്കം അടങ്ങിയിരിക്കരുത്. അത് ഒരു ജാതി/മത/ വർണ്ണ/വംശത്തെ വ്രണപ്പെടുത്തരുത്.

**22. പെയിന്റിംഗ്**

സമയം 90 മിനിട്ട്. എ3 സൈസ് പേപ്പർ ഉപയോഗിക്കണം.

## 8.4. കാറ്റഗറി 2 : കേരളോത്സവ ഇനങ്ങൾ

1. 01.09.2025 ന് 15 വയസ്സ് തികഞ്ഞവരും 40 വയസ്സ് കവിയാത്തവരുമായ യുവജനങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളു.

| | | | |
|---|---|---|---|
| 23. | ലളിത ഗാനം (വനിത) | ഒരാൾ | 5 മിനിറ്റ് |
| 24. | ലളിത ഗാനം (പുരുഷൻ) | ഒരാൾ | 5 മിനിറ്റ് |
| 25. | മാപ്പിളപ്പാട്ട് | ഒരാൾ | 5 മിനിറ്റ് |
| 26. | നാടോടിപ്പാട്ട് (സിംഗിൾ) | ഒരാൾ | 5 മിനിറ്റ് |
| 27. | കവിതാലാപനം | ഒരാൾ | 5 മിനിറ്റ് |
| 28. | സംഘഗാനം | 7 പേർ | 10 മിനിറ്റ് |
| 29. | ദേശഭക്തിഗാനം | 7 പേർ | 7 മിനിറ്റ് |
| 30. | നാടോടി നൃത്തം (സിംഗിൾ) | ഒരാൾ | 10 മിനിറ്റ് |
| 31. | കേരള നടനം | ഒരാൾ | 15 മിനിറ്റ് |
| 32. | കഥകളി (ഒരു വേഷം മാത്രം) | ഒരാൾ | 30 മിനിറ്റ് |
| 33. | ഓട്ടൻ തുള്ളൽ | ഒരാൾ | 15 മിനിറ്റ് |
| 34. | വയലിൻ (പൗരസ്ത്യം) | ഒരാൾ | 10 മിനിറ്റ് |
| 35. | വയലിൻ (പാശ്ചാത്യം) | ഒരാൾ | 10 മിനിറ്റ് |
| 36. | ചെണ്ട | ഒരാൾ | 10 മിനിറ്റ് |
| 37. | മദ്ദളം | ഒരാൾ | 10 മിനിറ്റ് |
| 38. | ഉപന്യാസ രചന | ഒരാൾ | 60 മിനിറ്റ് |
| 39. | കവിതാരചന | ഒരാൾ | 120 മിനിറ്റ് |
| 40. | കഥാരചന | ഒരാൾ | 120 മിനിറ്റ് |
| 41. | പെയിന്റിംഗ് (വാട്ടർകളർ) | ഒരാൾ | 120 മിനിറ്റ് |
| 42. | പെൻസിൽ ഡ്രോയിംഗ് | ഒരാൾ | 120 മിനിറ്റ് |
| 43. | കാർട്ടൂൺ | ഒരാൾ | 60 മിനിറ്റ് |
| 44. | ഏകാങ്ക നാടകം (മലയാളം) | 12 പേർ | 45 മിനിറ്റ് |
| 45. | മോണോ ആക്ട് | ഒരാൾ | 5 മിനിറ്റ് |
| 46. | മിമിക്രി | ഒരാൾ | 5 മിനിറ്റ് |
| 47 | മൈം | 7 പേർ | 10 മിനിറ്റ് |
| 48. | പ്രസംഗം (മലയാളം) | ഒരാൾ | 5 മിനിറ്റ് |
| 49. | കഥാപ്രസംഗം | ഒരാൾ | 30 മിനിറ്റ് |
| 50. | ക്വിസ് മത്സരം | ഒരാൾ | സമയംവിധികർത്താക്കൾ തീരുമാനിക്കും |
| 51. | കളിമൺ ശില്പനിർമ്മാണം | ഒരാൾ | 180 മിനിറ്റ് |
| 52. | ഫ്ളവർ അറേജ്മെന്റ് (പുഷ്പാലങ്കാരം) | ഒരാൾ | 180 മിനിറ്റ് |
| | **പുരുഷന്മാർക്ക് മാത്രം** | | |
| 53. | കോൽക്കളി | 12 പേർ | 10 മിനിറ്റ് |
| 54. | വള്ളംകളിപ്പാട്ട് (കുട്ടനാടൻ ശൈലി) | 10 പേർ | 10 മിനിറ്റ് |

| | | | |
|---|---|---|---|
| 55. | വള്ളംകളിപ്പാട്ട് (ആറന്മുള ശൈലി) | 10 പേർ | 10 മിനിറ്റ് |
| 56. | ദഫ്മുട്ട് | 10 പേർ | 10 മിനിറ്റ് |
| 57. | വട്ടപ്പാട്ട് | 10 പേർ | 10 മിനിറ്റ് |
| 58. | ചെണ്ടമേളം | 7 പേർ | 10 മിനിറ്റ് |
| | **വനിതകൾക്കു മാത്രം** | | |
| 59. | മോഹിനിയാട്ടം | ഒരാൾ | 10 മിനിറ്റ് |
| 60. | ഒപ്പന | 10 പേർ | 10 മിനിറ്റ് |
| 61. | തിരുവാതിര | 10 പേർ | 10 മിനിറ്റ് |
| 62. | മാർഗ്ഗംകളി | 10 പേർ | 10 മിനിറ്റ് |
| 63. | സംഘനൃത്തം | 7 പേർ | 10 മിനിറ്റ് |
| 64.. | മെഹന്തി (മൈലാഞ്ചി ഇടൽ) | 2 പേർ | 150 മിനിറ്റ് |

## 8.5. മത്സരങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ, മൂല്യ നിർണ്ണയോപാധികൾ

### 24. ലളിതഗാനം (പുരുഷൻമാർ)

സമയം 5 മിനിട്ട്. സിനിമാഗാനം ആകരുത്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതിലയം 2. ശാരീരം 3. ജ്ഞാനഭാവം 4. താളം 5. സാഹിത്യശുദ്ധി

### 25. ലളിതഗാനം (സ്ത്രീകൾ)

സമയം 5 മിനിട്ട്. സിനിമാഗാനം ആകരുത്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതിലയം 2. ശാരീരം 3. ജ്ഞാനഭാവം 4. താളം 5. സാഹിത്യശുദ്ധി

### 26. മാപ്പിളപ്പാട്ട്

സമയം 5 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. ശ്രുതിലയം 3. താളം 4. സാഹിത്യശുദ്ധി 5. ശബ്ദമാധുര്യം 6. ഉച്ചാരണ ശുദ്ധി

### 27. നാടോടിപ്പാട്ട്

സമയം 5 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. താളം 3. ശ്രുതിലയവും ശബ്ദ ഭംഗിയും 4. സാഹിത്യതനിമ 5. വിഷയ, താള ചേർച്ച 6.പാട്ടിന്റെ തനതു ഭാഷ

### 28. കവിതാലാപനം

സമയം 5 മിനിട്ട്. കവിതാലാപനത്തിന് വൃത്തനിബന്ധനയില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. മനഃപാഠം 2. അക്ഷരസ്ഫുടത 3. ഭാവ ശബ്ദ പ്രകടനം 4. ആശയസ്പഷ്ടീകരണം 5. പദാന്വയഭംഗി 6. പദവിച്ഛേദഭംഗി 7. ഉച്ചാരണ ശുദ്ധി 8. സാഹിത്യ ശുദ്ധി

### 29. സംഘഗാനം

7 പേർ സമയം 10 മിനിട്ട്. പശ്ചാത്തല സംഗീതം ഉപയോഗിക്കാൻ പാടില്ല. പങ്കെടുക്കുന്നവർ എല്ലാവരും പാടിയിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതിശുദ്ധി 2. ലയം 3. അക്ഷരസ്ഫുടത 4. ഭാവം 5. താളം 6. ആലാപനപ്പൊരുത്തം

### 30. ദേശഭക്തിഗാനം

7 പേർ 7 മിനിട്ട്. വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഭാരതത്തിലെ ഏത് ഭാഷയിലുള്ള ദേശഭക്തിഗാനവും ആകാം. പങ്കെടുക്കുന്നവർ എല്ലാവരും പാടിയിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷത്തനിമ 2. അക്ഷരസ്ഫുടത 3. ശ്രുതിലയം 4. താളം 5. ആലാപനപ്പൊരുത്തം

## 31. നാടോടിനൃത്തം *(സിംഗിൾ)*

സമയം 10 മിനിട്ട്. മുദ്രാഭിനയം ഒഴിവാക്കണം, പിന്നണിയ്ക്ക് ടേപ്പ് റിക്കാർഡർ അനുവദനീയമാണ്. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം മത്സരം ഉണ്ടായിരിക്കുന്നതല്ല. രംഗ സജ്ജീകരണത്തിന് 5 മിനിട്ടിൽ കൂടുതൽ സമയം അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാരസുഷമ 2. വേഷം 3. ഭാവപ്രകടനം 4. താളം 5. ചലന ഭംഗി

## 32. കേരളനടനം

സമയം 15 മിനിട്ട്. പക്കമേളം ഉപയോഗിക്കാം. പിന്നണിയ്ക്ക് ടേപ്പ് റിക്കാർഡർ അനുവദനീയമാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാരസുഷമ 2. വേഷം 3. ഭാവപ്രകടനം 4. ചുവടുവയ്പ്പ് 5. മുദ്രകളുടെ ശുദ്ധി

## 33. കഥകളി *(ഒരു വേഷം മാത്രം)*

സമയം 30 മിനിട്ട്. ഒരു വേഷം മാത്രമേ പാടുള്ളു.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആഹാര്യം 2. താളം 3. കലാശങ്ങളുടെ വൃത്തി 4. ചതുർവ്വിധ അഭിനയത്തികവ് 5. മനോധർമ്മം 6 മുദ്രയുടെ വടിവ് 7. പശ്ചാത്തല സംഗീത ആലാപനം.

## 34. ഓട്ടൻതുള്ളൽ

സമയം 15 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷഭംഗി 2. അഭിനയം 3. താളം 4. സംഗീതഗുണവും പശ്ചാത്തലവും 5. സാഹിത്യ ശുദ്ധിയും ഉച്ചാരണവും 6. അവതരണശൈലി

## 35. വയലിൻ *(പൗരസ്ത്യം)*

സമയം 10 മിനിട്ട്. മത്സരാർത്ഥികൾ ഉപകരണം കൊണ്ടുവരേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. രാഗഭാവം 3. ശ്രുതിലയം 4. വില്ലിടുന്നത് 5. താളം

## 36. വയലിൻ *(പാശ്ചാത്യം)*

സമയം 10 മിനിട്ട്. മത്സരാർത്ഥികൾ ഉപകരണം കൊണ്ടുവരേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. രാഗഭാവം 3. ശ്രുതിലയം 4. വില്ലിടുന്നത് 5. താളം

## 37. ചെണ്ട

സമയം 10 മിനിട്ട്. മത്സരാർത്ഥികൾ ഉപകരണം കൊണ്ടുവരേണ്ടതാണ്. അനുസാരി വാദ്യോപകരണങ്ങൾ പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദശുദ്ധി 2. കോൽപ്രയോഗം 3. താളം 4. മനോധർമ്മം

## 38. മദ്ദളം

സമയം 10 മിനിറ്റ് : മത്സരാർത്ഥികൾ ഉപകരണം കൊണ്ടുവരേണ്ടതാണ്.

**മൂല്യനിർണ്ണയോപാധികൾ** : താളം, സാധകം, മേളം, നാദം പൂർണ്ണത

## 38. ഉപന്യാസ രചന

സമയം 60 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയസ്ഫുടത 2. ഭാഷാശുദ്ധി 3. അവതരണ ശൈലി 4. സാഹിത്യശുദ്ധി 5. രൂപഘടന 6. വിഷയബന്ധം

## 40. കവിതാ രചന

സമയം 120 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും. വൃത്ത നിബന്ധനയില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയസ്ഫുടത 2. ഭാഷാശുദ്ധി 3. അവതരണ ശൈലി 4. സാഹിത്യശുദ്ധി 5. കാവ്യഭംഗി

## 41. കഥാരചന

സമയം 120 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയസ്ഫുടത 2. ഭാഷാശുദ്ധി 3. അവതരണ ശൈലി 4. സാഹിത്യശുദ്ധി

## 42. പെയിന്റിംഗ്(വാട്ടർ കളർ)

സമയം 120 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**മൂല്യ നിർണ്ണയോപാധികൾ** : 1. രചനാവൈഭവം 2. നിറക്കൂട്ട് 3. മനോധർമ്മം 4. ആശയവ്യക്തത 5. വിഷയബന്ധം

## 43. പെൻസിൽ ഡ്രോയിംഗ്

സമയം 120 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**മൂല്യ നിർണ്ണയോപാധികൾ** : 1. രചനാവൈഭവം 2. മനോധർമ്മം 3. ആശയവ്യക്തത 4. വിഷയബന്ധം

## 44. കാർട്ടൂൺ

60 മിനിട്ട്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയവ്യക്തത 2. തനിമ 3. മനോധർമ്മം 4. വിഷയബന്ധം 5. രചനാവൈഭവം

## 45. ഏകാങ്ക നാടകം *(മലയാളം)*

പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 12. നാടകാവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 45 മിനിട്ടാണ്. തുടങ്ങുവാനുള്ള അനുമതി ലഭിച്ചു കഴിയുമ്പോഴോ, ടീം ആമുഖ പ്രഭാഷണം ആരംഭിക്കുമ്പോഴോ ആണ് നാടകം തുടങ്ങുന്ന സമയം കണക്കാക്കപ്പെടുന്നത്. സ്റ്റേജ് ഒരുക്കത്തിനും രംഗ സാമഗ്രികൾ മാറ്റുന്നതിനുമായി പരമാവധി 10 മിനിട്ട് സമയം അനുവദിക്കുന്നതാണ്. വർണ്ണ-വർഗ്ഗ-ലിംഗ-രാഷ്ട്രീയ പ്രകോപനം സൃഷ്ടിക്കുന്ന നാടകങ്ങൾ അനുവദിക്കുന്നതല്ല. പങ്കെടുക്കുന്ന ടീം രംഗ സജ്ജീകരണത്തിനുള്ള സാമഗ്രികൾ, ചമയങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. മത്സരം ആരംഭിക്കുന്നതിന് 2 മണിക്കൂർ മുമ്പായി ടീം സ്റ്റേജ് മാനേജരുടെ മുമ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാത്ത ടീമുകളെ അയോഗ്യരാക്കുന്നതാണ്. നല്ല നടനെയും നടിയെയും തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നു. പശ്ചാത്തല സംഗീതത്തിന് ടേപ്പ് റിക്കാർഡർ ഉപയോഗിക്കാവുന്നതാണ്. അവതരിപ്പിക്കുന്ന നാടകത്തിന്റെ സ്ക്രിപ്റ്റ് ബന്ധപ്പെട്ട ചുമതലയുള്ളവരെ 2 ദിവസത്തിന് മുമ്പ് ഏൽപ്പിക്കേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. പ്രമേയം 2. അഭിനയം (ചതുർവ്വിധം) 3. അഭിനയ പ്പൊരുത്തങ്ങൾ 4. ദീപവിധാനം 5. പശ്ചാത്തല സംഗീതം 6. സംവിധാനം 7. സമഗ്രഭാവാവിഷ്ക്കാരം.

## 46. മോണോആക്ട്

സമയം 5 മിനിട്ട്. ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കണം. ആഹാര്യാഭിനയം ആവശ്യമില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. സംഭാഷണ ശൈലീകരണം 2. ആശയസ്ഫുടത 3. അഭിനയം (ആംഗികം, വാചികം, സാത്വികം) 4. പ്രമേയം 5. പാത്രവൽക്കരണം.

## 47. മിമിക്രി

സമയം 5 മിനിട്ട്. ശബ്ദാനുകരണമാണ് മിമിക്രി. ഏതുതരം ശബ്ദവും ആകാം. വാചികാഭിനയത്തിനാണ് പ്രാധാന്യം. വ്യക്തിപരവും, രാഷ്ട്രീയവുമായ ആക്ഷേപ പരാമർശങ്ങളും സഭ്യേതര പ്രയോഗങ്ങളും പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശബ്ദാനുകരണ മികവ് 2. വിഷയത്തോടുള്ള നീതി പുലർത്തൽ 3. വാചികാഭിനയം 4. തന്മയത്വം 5. ആംഗികാഭിനയം

## 48. മൈം (മൂകാഭിനയം)

സമയം 10 മിനിറ്റ് – പരമാവധി പങ്കെടുക്കാവുന്നവർ 7. പശ്ചാത്തല സംഗീതത്തിന് സി.ഡി. ഉപയോഗിക്കാവുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. പ്രമേയം 2. മൂകാഭിനയ മികവ് 3. ഭാവാവിഷ്ക്കാരം 4. വേഷഭംഗി 5. പശ്ചാത്തല സംഗീതപ്പൊരുത്തം 6. സംഘ നടനപ്പൊരുത്തം 7. ആശയ പ്രകാശനക്ഷമത

## 49. പ്രസംഗം (മലയാളം)

പ്രസംഗത്തിനായി അനുവദിക്കുന്ന പരമാവധി സമയം 5 മിനിട്ടാണ്. നിശ്ചയിക്കപ്പെടുന്ന വിഷയങ്ങളിൽനിന്നും നറുക്കിട്ടെടുക്കുന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കേണ്ടതാണ്. വീണ്ടും വിഷയം തെരഞ്ഞെടുക്കാൻ അവസരം നൽകുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയ സ്ഫുടത 2. അക്ഷര സ്ഫുടത 3. ഭാഷാ ശുദ്ധി 4. ധാരാവാഹിത്വം 5. ശബ്ദനിയന്ത്രണം 6. വിഷയബന്ധം

## 50. കഥാപ്രസംഗം

സമയം 30 മിനിട്ട്. പശ്ചാത്തല സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാം. പിന്നണിയിൽ പരമാവധി 4 പേർ.

**മൂല്യ നിർണ്ണയോപാധികൾ** : 1. കഥാവസ്തു 2. ഉച്ചാരണശുദ്ധി 3. ഭാഷാശുദ്ധി 4. ആശയാവിഷ്ക്കരണം 5. ഭാവശബ്ദം 6. സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ് 7. അഭിനയം 8. പശ്ചാത്തല സംഗീതവുമായുള്ള യോജിപ്പ്

## 51. ക്വിസ് മത്സരം (ഒരാൾ മാത്രം)

ഓരോ ചോദ്യത്തിനും ഉത്തരം എഴുതാൻ നിശ്ചിത സമയം ഉണ്ടായിരിക്കും. പ്രാഥമിക റൗണ്ട്, ഫൈനൽ റൗണ്ട് എന്നീ രണ്ട് റൗണ്ടുകളായിട്ടാണ് മത്സരം സംഘടിപ്പിക്കുക. പ്രാഥമിക റൗണ്ടിൽ ചോദ്യങ്ങൾക്ക് ഉത്തരം എഴുതി നൽകണം. പരമാവധി 25 ചോദ്യങ്ങളായിരിക്കും ഉണ്ടായിരിക്കുക. ജില്ലാ – സംസ്ഥാനതലങ്ങളിൽ ചോദ്യാവലി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തയ്യാറാക്കി നൽകും. മറ്റ് തലങ്ങളിൽ അതാത് സംഘാടകസമിതികൾ ചോദ്യാവലി തയ്യാറാക്കേണ്ടതാണ്. കട്ട് ഓഫ് മാർക്ക് 10 ആയി നിശ്ചയിക്കാവുന്നതാണ്. 10 മാർക്കും അതിനു മുകളിലും ലഭിക്കുന്ന മത്സരാർത്ഥികൾ ഫൈനൽ റൗണ്ടിൽ പങ്കെടുക്കാൻ അർഹരായിരിക്കും. ഫൈനൽ റൗണ്ടിലെ ചോദ്യാവലിയും മത്സരത്തിന്റെ സമയക്രമവും മറ്റ് നിബന്ധനകളും ക്വിസ് മാസ്റ്റർ ആയിരിക്കും നിശ്ചയിക്കുക.

## 52. കളിമൺ ശില്പനിർമ്മാണം

മത്സരസമയത്ത് നൽകുന്ന വിഷയത്തെകുറിച്ച് നിശ്ചിത വലിപ്പത്തിൽ കളിമണ്ണിൽ ശില്പം നിർമ്മിക്കണം. കളിമണ്ണ് സംഘാടകർ നല്കുന്നതാണ്. സമയം മൂന്ന് മണിക്കൂർ

## 53. ഫ്ളവർ അറേഞ്ച്മെന്റ് (പുഷ്പാലങ്കാരം)

പുഷ്പങ്ങൾ, ചെടികളുടെ ഇതരഭാഗങ്ങൾ എന്നിവ പൂക്കൂടയിൽ വിന്യസിക്കണം. പുഷ്പാലങ്കാരത്തിന് ആവശ്യമായ എല്ലാ വസ്തുക്കളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. സമയം മൂന്ന് മണിക്കൂർ

**54. കോൽക്കളി** *(പുരുഷന്മാർക്ക് മാത്രം)*

10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 12. പിന്നണി പാടില്ല.
**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷത്തനിമ 2. ചുവടുവയ്പ്പ് 3. പാട്ടിന്റെ തനിമ 4. താളവും പശ്ചാത്തലസംഗീതവും 5. സംഘ നടനചേർച്ച 6. മെയ് വഴക്കം 7. തനിമയായ അവതരണം 8. താളവും കോലടക്കവും

**55. വള്ളംകളിപ്പാട്ട് (ആറന്മുള ശൈലി)***(പുരുഷന്മാർക്ക് മാത്രം)*

10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ആറന്മുള ശൈലിയിൽ ഉള്ള പാട്ടുകൾ ഉപയോഗിക്കാവുന്നതാണ്. അതതു ശൈലികളിലുള്ള വേഷവിധാനവും.
**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷം 2. താളം 3. ശ്രുതി 4. അംഗചലന ചേർച്ച 5. സാഹിത്യശുദ്ധി

**56. വള്ളംകളിപ്പാട്ട് (കുട്ടനാടൻ ശൈലി)** *(പുരുഷന്മാർക്ക് മാത്രം)*

10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. കുട്ടനാടൻ ശൈലിയിൽ ഉള്ള പാട്ടുകൾ ഉപയോഗിക്കാവുന്നതാണ്. അതതു ശൈലികളിലുള്ള വേഷവിധാനവും.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷം 2. താളം 3. ശ്രുതി 4. അംഗചലന ചേർച്ച 5. സാഹിത്യശുദ്ധി

**57. ദഫ്മുട്ട്** *(പുരുഷന്മാർക്ക് മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ദഫ്മുട്ടിന് ബൈത്തിന്റെ വൈവിധ്യമാർന്ന ഈണങ്ങൾക്കനുസരിച്ച് ചാഞ്ഞും ചരിഞ്ഞും നിന്നും ഇരുന്നും വിവിധ താളങ്ങളിൽ അവതരിപ്പിക്കണം. അമിതമായ ചുവടുകളോ നൃത്തമോ പാടില്ല. അറബി ബൈത്തുകളോ, മദ്ഹ പാട്ടുകളോ ആകാം. ലളിതഗാനമോ, മാപ്പിളപ്പാട്ടോ പാടില്ല, പിന്നണി പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ബൈത്ത് മഹദ് 2. ഒറ്റമുട്ട്, മൂന്നുമുട്ട്, അഞ്ചുമുട്ട്, കാഫ്യിൻമുട്ട്, കോരിമുട്ട് ഇവയിൽ ഏതെങ്കിലും നാല് താളം അടങ്ങിയിരിക്കണം. 3. വാദ്യവാദനം 4. അവതരണം

**58. വട്ടപ്പാട്ട്** *(പുരുഷന്മാർക്ക് മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. പക്കമേളം പാടില്ല. മുൻ പാട്ടുകാർ നിർബന്ധമാണ്. പിൻപാട്ടും വേണം. പാട്ടും താളത്തിനൊത്ത കൈയടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണിനിരക്കണം. 6 പേർ കളിക്കുകയും 3 പേർ പാടുകയും ചെയ്യണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം. ഒരു മണവാളൻ ഉണ്ടായിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. ഒപ്പനപ്പാട്ടിന്റെ ഇശൽ 2. പാട്ടിന്റെ സാഹിത്യം 3. താളവും കൈയടിയുടെ ചേർച്ചയും 4. ശ്രുതിലയവും ശബ്ദഭംഗിയും 5. തനിമയാർന്ന അവതരണം 6. വേഷവും പശ്ചാത്തലസംഗീതവും 7. സംഘ നടനചേർച്ച

**59. ചെണ്ടമേളം** *(പുരുഷന്മാർക്ക് മാത്രം)*

സമയം 10 മിനിറ്റ് അംഗസംഖ്യ 7
**മൂല്യ നിർണ്ണയോപാധികൾ** : 1. താളം, 2. ശുദ്ധി, 3. മേളത്തിന്റെ യോജിപ്പ്, 4. നാദം, 5. പൂർണ്ണത

**60. മോഹിനിയാട്ടം** *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട്. പക്കമേളം ഉപയോഗിക്കാം. മോഹിനിയാട്ടത്തിന് ഇടയ്ക്കയും ഉപയോഗിക്കാവുന്നതാണ്. പിന്നണിക്ക് ടേപ്പ് റിക്കാർഡർ അനുവദനീയമാണ്.
**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാരസുഷമ 2. വേഷം 3. ഭാവപ്രകടനം 4. ചുവടുവയ്പ്പ് 5. മുദ്രകളുടെപൂർണ്ണത 6. താളവും പശ്ചാത്തല സംഗീതവും 7. സാഹിത്യശുദ്ധി

### 61. ഒപ്പന *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ഒപ്പനയ്ക്ക് പക്കമേളം പാടില്ല. മുൻ പാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. പാട്ടും താളത്തിനൊത്ത കൈയടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണിനിരക്കണം. 6 പേർ കളിക്കുകയും 3 പേർ പാടുകയും ചെയ്യണം. ഒരു മണവാട്ടിയും വേണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. ഒപ്പനപ്പാട്ടിന്റെ ഇശൽ 2. പാട്ടിന്റെ സാഹിത്യം 3. താളവും കൈയടിയുടെ ചേർച്ചയും 4. ശ്രുതിലയവും ശബ്ദഭംഗിയും 5. തനിമയാർന്ന അവതരണം 6. വേഷവും പശ്ചാത്തലസംഗീതവും 7. സംഘ നടന ചേർച്ച

### 62. തിരുവാതിര *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട് (2 പേർ പിൻപാട്ടിന്). പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ലളിതമായ കേരളീയ വേഷവിധാനം ആയിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. മത്സരിക്കുന്നവർ തന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം. നിലവിളക്കും നിറപറയും മത്സരിക്കുന്നവർ കൊണ്ടു വരേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷത്തനിമ 2. ചലനം 3. താളം 4. ചുവട് 5. സംഘ നടനചേർച്ച 6. സാഹിത്യശുദ്ധി

### 63. മാർഗ്ഗംകളി *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട്. (2 പേർ പിൻപാട്ടിന്). പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. മാർഗ്ഗംകളിക്ക് രംഗസാമഗ്രിയായ നിലവിളക്ക് നിർബന്ധമായും ഉണ്ടായിരിക്കണം. ഇതിന്റെ തനതായ വേഷം ആയിരിക്കണം നൃത്താവതരണത്തിന്. താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങളോ പിന്നണിയോ പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. കഥാവിഷ്ക്കാരം 2. ആകാരസുഷമ 3. ചുവടു വയ്പ്പ് 4. താളബോധം 5. അവതരണത്തനിമ 6. സംഘ നടനചേർച്ച 7. വേഷത്തനിമ

### 64 സംഘനൃത്തം *(വനിതകൾക്ക് മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 7. പിന്നണിയ്ക്ക് ടേപ്പ്റിക്കോർഡർ ഉപയോഗിക്കാം. ചലച്ചിത്ര ഗാനങ്ങൾ അനുവദനീയമല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. നർത്തകർ തമ്മിലുള്ള യോജിപ്പ് 2. ചലന ഭംഗി 3. വേഷത്തനിമ 4. താളം 5. അവതരണം 6. രംഗബിംബ കൽപ്പന

### 65. മെഹന്തി (മൈലാഞ്ചി ഇടൽ) *(വനിതകൾക്ക് മാത്രം)*

പങ്കെടുക്കേണ്ടത് രണ്ട് പേർ. അംഗങ്ങളിൽ ഒരാളുടെ രണ്ട് കൈകളിലും മൈലാഞ്ചികൊണ്ട് ഡിസൈൻ തീർക്കണം. മത്സരത്തിനായുള്ള വസ്തുതകൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. സമയം രണ്ടരമണിക്കൂർ

## 8.6. നിബന്ധനകൾ

1. മത്സരങ്ങളിൽ സംഗീത ഉപകരണങ്ങളും പശ്ചാത്തല സംഗീതത്തിനുള്ള സംവിധാനവും മത്സരിക്കുന്നവർ കൊണ്ടുവരേണ്ടതാണ്. എത്രപേർ (പശ്ചാത്തലസംഗീതം അടക്കം) പങ്കെടുക്കുന്നു എന്ന വിവരം സംഘാടകരെ മുൻകൂട്ടി അറിയിച്ചിരിക്കണം.
2. നാടോടിനൃത്തം, ഒപ്പന, തിരുവാതിര, മാർഗ്ഗംകളി, വട്ടപ്പാട്ട്, കോൽകളി, ദഫ്മുട്ട് എന്നീ ഇനങ്ങൾക്ക് റിക്കാർഡ് ചെയ്ത സംഗീതം ഉപയോഗിക്കാൻ പാടില്ല.
3. സ്റ്റേജ്, ലൈറ്റ് എന്നിവ സംഘാടകർ നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ സംഘാടകരുമായി സഹകരിക്കേണ്ടതാണ്.

4. മേക്കപ്പ് അവരവരുടെ ചെലവിൽ നിർവ്വഹിക്കേണ്ടതാണ്.
5. രചനാ മത്സര ഇനങ്ങൾക്ക് ആവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുക യുള്ളു.
6. ഏകാങ്ക നാടകത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റിനോടൊപ്പം നാടകത്തിന്റെ സ്ക്രിപ്റ്റും കഥാപാത്രങ്ങളുടെ മാത്രം പേരുവിവരവും മൂന്നു കോപ്പി വീതം മുൻകൂട്ടി സംഘാടകരെ ഏൽപ്പിക്കേണ്ടതാണ്.
7. ഒന്നാം സ്ഥാനത്തിൽ ടൈവന്നാൽ ആയത് നറുക്കിട്ട് ഒരാളിനെയോ/ഒരു ടീമിനെയൊ മാത്രം ഉയർന്ന തലത്തിൽ അയക്കാൻ സംഘാടകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
8. കേരളോത്സവ മത്സരങ്ങളോടൊപ്പം ദേശീയ യുവോത്സവത്തിന്റെ കലാമ ത്സരങ്ങളും നടത്തുന്നു. ആ ഇനങ്ങളിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവരെ ദേശീയ യുവോത്സവത്തിൽ പങ്കെടുപ്പിക്കും.
9. കലാമത്സരങ്ങളിൽ പ്രാഥമിക മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് അടുത്ത തലത്തിൽ മത്സരിക്കാവുന്നതാണ്. എന്നാൽ ജില്ലാതലത്തിൽ ഒന്നാം സമ്മാനവും, എ ഗ്രേഡും, ലഭിക്കുന്നവർക്കു മാത്രമേ സംസ്ഥാനതലത്തിൽ മത്സരിക്കാൻ അർഹ തയുള്ളൂ.
10. കലാമത്സര ഇനങ്ങളിൽ ഒരു മത്സാർത്ഥിയെങ്കിലും ഉണ്ടെങ്കിൽ വിധി നിർണ്ണയം നടത്താവുന്നതാണ്. എന്നാൽ എ ഗ്രേഡ് ലഭിച്ചാൽ മാത്രമേ അടുത്ത തലത്തിൽ മത്സരിക്കാൻ അർഹത ലഭിക്കൂ.
11. എല്ലാ തലങ്ങളിലും ജൂറി ഓഫ് അപ്പീൽ രൂപീകരിക്കേണ്ടതുമാണ്.
12. ജില്ലാതലത്തിൽ ഒരു ഐറ്റത്തിൽ ഒന്നിൽകൂടുതൽ അപ്പീലുകൾ നൽകുവാൻ പാടു ള്ളതല്ല. രണ്ട്, മൂന്ന് സ്ഥാനക്കാരെ മാത്രമെ അപ്പീലിനായി പരിഗണിക്കുവാൻ പാടു ള്ളൂ. അപ്പീൽ വഴി വരുന്ന മത്സരാർത്ഥിക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുകയാ ണെങ്കിൽ മാത്രമേ ഗ്രേഡ് പോയിന്റ് നൽകുകയുള്ളൂ.
13. മത്സരങ്ങൾ തുടങ്ങുന്നതിന് മുമ്പ് മത്സര ഇനം, സമയക്രമം, നിബന്ധനകൾ തുടങ്ങിയവ സ്റ്റേജ് മാനേജർമാർ അനൗൺസ് ചെയ്യേണ്ടതാണ്.
14. ഓരോ മത്സരത്തിനും അനുവദിക്കപ്പെട്ടിട്ടുള്ള സമയക്രമം കൃത്യമായി പാലിക്കു ന്നുണ്ടോ എന്ന് സ്റ്റേജ് മാനേജർമാർ ശ്രദ്ധിക്കേണ്ടതാണ്. ടൈം ഷീറ്റ് സ്റ്റേജ് മാനേ ജർമാർ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്. സമയ പരിധി കഴിയുന്നതിന് 1 മിനിട്ട് മുമ്പ് വാണിംഗ് ബെൽ മുഴക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞു പോകുന്നവെ ങ്കിൽ ആ വിവരം ടൈം ഷീറ്റിൽ രേഖപ്പെടുത്തുകയും ആ മത്സരാർത്ഥിയെ അയോ ഗ്യരാക്കി പ്രഖ്യാപിക്കേണ്ടതും സ്റ്റേജ് മാനേജർമാർ വിധി പ്രഖ്യാപനത്തിനു മുമ്പായി വിധികർത്താക്കളെ അറിയിക്കേണ്ടതുമാണ്.
15. സംസ്ഥാന-ജില്ലാതല കേരളോത്സവത്തിലെ കലാമത്സരങ്ങളുടെ ടാബുലേഷൻ ഷീറ്റ്, മാർക്ക് ഷീറ്റ്, റിസൾട്ട് ഷീറ്റ് എന്നിവ മൂന്ന് മാസം വരെ സൂക്ഷിക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ്.

++++++++++

## അദ്ധ്യായം 9

# കായിക മത്സരങ്ങൾ

### 9.1. അത്‌ലറ്റിക്സ്

1. അത്‌ലറ്റിക്സ് മത്സരങ്ങൾ രണ്ട് വിഭാഗമായി നടത്തണം.

01.09.2025 ന് 15 വയസ്സ് തികഞ്ഞവരും 20 വയസ്സ് കഴിയാത്തവരുമായ യുവജനങ്ങൾ സീനിയർ ആൺകുട്ടികൾ/പെൺകുട്ടികൾ വിഭാഗം ആയി കണക്കാക്കും.

01.09.2025 ന് 20 വയസ്സ് കഴിഞ്ഞവരും 40 വയസ്സ് കഴിയാത്തവരുമായ യുവജനങ്ങൾ പുരുഷൻമാർ/വനിത വിഭാഗം ആയി കണക്കാക്കും.

2. അത്‌ലറ്റിക്സ് ഇനങ്ങളിൽ ഒരാൾക്ക് പരമാവധി 3 ഇനങ്ങളിലും കൂടാതെ റിലേയിലും പങ്കെടുക്കാവുന്നതാണ്.

3. അത്‌ലറ്റിക്സ് മത്സര ഇനങ്ങളിൽ ഒരാൾ മാത്രമേ ഉള്ളൂ എങ്കിൽ സെലക്ഷൻ നടത്തി അടുത്തതലത്തിലേക്ക് പങ്കെടുപ്പിക്കാവുന്നതാണ്. പോയിന്റ് നൽകുന്നതല്ല.

| പുരുഷന്മാർ | വനിതകൾ |
|---|---|
| 1. 100 മീറ്റർ | 1. 100 മീറ്റർ |
| 2. 200 മീറ്റർ | 2. 200 മീറ്റർ |
| 3. 400 മീറ്റർ | 3. 400 മീറ്റർ |
| 4. 800 മീറ്റർ | 4. 800 മീറ്റർ |
| 5. 1500 മീറ്റർ | 5. 1500 മീറ്റർ |
| 6. 5000 മീറ്റർ | 6. 5000 മീറ്റർ |
| 7. 4 X 100 മീറ്റർ റിലേ | 7. 4 X 100 മീറ്റർ റിലേ |
| 8. ഷോട്ട്പുട്ട് (7.25 കിലോ) | 8. ഷോട്ട്പുട്ട് (4 കിലോ) |
| 9. ഡിസ്ക്കസ് (2 കിലോ) | 9. ഡിസ്കസ് (1 കിലോ) |
| 10. ജാവലിൻ (800 ഗ്രാം) | 10. ജാവലിൻ (600 ഗ്രാം) |
| 11. ലോംഗ് ജംപ് | 11. ലോംഗ് ജംപ് |
| 12. ഹൈ ജംപ് | 12. ഹൈ ജംപ് |
| 13. ട്രിപ്പിൾ ജംപ് | 13. ട്രിപ്പിൾ ജംപ് |
| | |

## 9.2. നീന്തൽ മത്സരങ്ങൾ

| ഇനം | പുരുഷന്മാർ | വനിതകൾ |
|---|---|---|
| 1. ഫ്രീ സ്റ്റൈൽ | 100 മീറ്റർ | 100 മീറ്റർ |
| 2 ഫ്രീ സ്റ്റൈൽ | 200 മീറ്റർ | 200 മീറ്റർ |
| 3. ബട്ടർ ഫ്ളൈ | 50 മീറ്റർ | 50 മീറ്റർ |
| 4. ബട്ടർ ഫ്ളൈ | 100 മീറ്റർ | 100 മീറ്റർ |
| 5. ബാക്ക് സ്ട്രോക്ക് | 50 മീറ്റർ | 50 മീറ്റർ |
| 6. ബാക്ക് സ്ട്രോക്ക് | 100 മീറ്റർ | 100 മീറ്റർ |
| 7. ബ്രസ്റ്റ് സ്ട്രോക്ക് | 50 മീറ്റർ | 50 മീറ്റർ |
| 8. ബ്രസ്റ്റ് സ്ട്രോക്ക് | 100 മീറ്റർ | 100 മീറ്റർ |
| 9. മെഡ്ലെ വ്യക്തിഗതം | 200 മീറ്റർ | 200 മീറ്റർ |
| 10. മെഡ്ലെ വ്യക്തിഗതം | 400 മീറ്റർ | 400 മീറ്റർ |

**നീന്തൽ മത്സരങ്ങളിൽ ഒരാൾക്ക് പരമാവധി 4 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ സാധിക്കൂ.**

## 9.3. ഗെയിംസ്

| ഇനം | പുരുഷന്മാർ | വനിതകൾ |
|---|---|---|
| 1. വോളിബോൾ | അംഗസംഖ്യ 12 (6+6) | അംഗസംഖ്യ 12 (6+6) |
| 2. ഷട്ടിൽ ബാഡ്മിൻഡൻ | (സിംഗിൾസ്) | (സിംഗിൾസ്) |
| 3. ഷട്ടിൽ ബാഡ്മിൻഡൺ | (ഡബിൾസ്) | (ഡബിൾസ്) |
| 4. ഫുട്ബോൾ | അംഗസംഖ്യ 18 (11+7) | |
| 5. ബാസ്ക്കറ്റ് ബോൾ | അംഗസംഖ്യ 12 (5+7) | അംഗസംഖ്യ 12 (5+7) |
| 6. ട്വന്റി-ട്വന്റി ക്രിക്കറ്റ് | അംഗസംഖ്യ 15 (11+4) | |
| 7. കബടി | അംഗസംഖ്യ 12 (7+5) | അംഗസംഖ്യ 10 (6+4) |
| 8. വടംവലി | അംഗസംഖ്യ 8+1 (600 KG) | അംഗസംഖ്യ 8+1 (540 KG) |
| 9. ചെസ്സ് | അംഗസംഖ്യ 1 | അംഗസംഖ്യ 1 |
| 10. ആർച്ചറി (2 വ്യക്തിഗതം) | അംഗസംഖ്യ 1+1 | അംഗസംഖ്യ 1+1 |
| 11. ആർച്ചറി (2 ടീം മത്സരം) | അംഗസംഖ്യ 4+4 | അംഗസംഖ്യ 4+4 |
| 12. പഞ്ചഗുസ്തി 4 ക്ലാസ്സ് | 65 Kgക്ക് താഴെ, 75, 85, 85 ന് മുകളിൽ) | |

**ഗെയിംസ് മത്സര ഇനങ്ങളിൽ ഒരു ടീം മാത്രമേ ഉള്ളൂ എങ്കിൽ സെലക്ഷൻ നടത്തി അടുത്തതലത്തിലേക്ക് വിടാവുന്നതാണ്. പോയിന്റ് നൽകുന്നതല്ല. ഗെയിംസ് മത്സര ങ്ങളിൽ ഒരാൾക്ക് പരമാവധി 4 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ സാധിക്കൂ. സംസ്ഥാനതലത്തിൽ ലൂസേഴ്സ് ഫൈനൽ ഉണ്ടാകില്ല.**

## 9.4. നിബന്ധനകൾ

1. കായിക ഫെഡറേഷൻ നിയമാവലി അനുസരിച്ചായിരിക്കണം മത്സരങ്ങൾ നടത്തേണ്ടത്.
2. എല്ലാ ഗെയിം ഇനങ്ങളിലും അതത് അസോസിയേഷൻ / ഫെഡറേഷന്റെ നിയമാവലി അനുസരിച്ചുള്ള അംഗസംഖ്യ ആയിരിക്കണം.
3. പ്രാഥമികതലം മുതലുള്ള മത്സരങ്ങൾ ജില്ലാ സ്പോർട്സ് കൗൺസിൽ / ജില്ലാതല അസോസിയേഷനുകൾ എന്നിവർ നിർദ്ദേശിക്കുന്ന ഒഫിഷ്യൽസ് അല്ലെങ്കിൽ കായിക അധ്യാപകർ എന്നിവർ മാത്രമേ നിയന്ത്രിക്കാൻ പാടുള്ളൂ.
4. മത്സരങ്ങൾ നടക്കുന്ന അതാത് വേദികളിൽ തന്നെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്.
5. മത്സരങ്ങളിൽ യാതൊരുവിധ ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കാൻ പാടുള്ളതല്ല. ഉപയോഗിക്കുന്ന വ്യക്തികൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ഗെയിംസ് മത്സരങ്ങളായ വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, ക്രിക്കറ്റ്, കബഡി, വടംവലി എന്നീ ഇനങ്ങളിൽ ടീമിലെ മുഴുവൻ മത്സരാർത്ഥികൾക്കും (സബ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ) പ്രാഥമിക തലത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ബാക്കി അനുവദിക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്താൻ ജില്ലാതലം വരെ സൗകര്യം ഉണ്ടായിരിക്കും.
7. കായിക മത്സരങ്ങളിലെ (ടീം ഇനങ്ങൾ) മത്സരാർത്ഥികൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിൽ നിന്നും വിജയിച്ച് തൊട്ടടുത്ത തലങ്ങളിലേക്ക് പോകുമ്പോൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ മികച്ച ടീമിനെ തയ്യാറാക്കി തൊട്ടടുത്ത തലങ്ങളിൽ മത്സരിപ്പിക്കാവുന്നതാണ്. ഇതിനുള്ള അധികാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. മികച്ച ടീമിനെ തയ്യാറാക്കുന്നതിന് കായിക അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
8. <u>ട്വന്റി-ട്വന്റി</u>

   1. സംസ്ഥാനതലം വരെ ട്വന്റി-ട്വന്റി ക്രിക്കറ്റ് മത്സരം ഉണ്ടായിരിക്കുന്നതാണ്.
   2. 20 ഓവർ മത്സരമായിരിക്കണം. ഒരു ബൗളർക്ക് 4 ഓവർ മാത്രം.
   3. പവ്വർ പ്ലേ 3 എണ്ണം ഉണ്ടായിരിക്കണം. 2 പവ്വർ പ്ലേ ബൗളിംഗ് ടീമിനും ഒന്ന് ബാറ്റിംഗ് ടീമിന്റെയും നിർദ്ദേശപ്രകാരമായിരിക്കണം. മൊത്തത്തിൽ 6 ഓവർ പവ്വർപ്ലേ ആയിരിക്കും. പവ്വർ പ്ലേ നടക്കുന്ന സമയത്ത് 3 കളിക്കാർ മാത്രമേ സർക്കിളിന് പുറത്ത് കാണാവൂ. ട്വന്റി-ട്വന്റി ക്രിക്കറ്റ് മത്സരത്തിൽ ടെന്നീസ് ബാൾ ഉപയോഗിക്കാവുന്നതാണ്.
9. (1) ഗ്രാമ പഞ്ചായത്ത് തലത്തിൽ റിലേ, ഗെയിംസ് എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്കുമാത്രമേ അടുത്തതല മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. വ്യക്തിഗത മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് അടുത്ത തലങ്ങളിൽ പങ്കെടുക്കാവുന്നതാണ്. (2) ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതലത്തിൽ എല്ലാ കായിക ഇനങ്ങളിലും ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് മാത്രമേ ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.
10. സ്പോർട്സ് ഇനങ്ങളിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് ഒന്നിലധികം പേർക്ക് പങ്കിടേണ്ടി വന്നാൽ അവർ ഗ്രൂപ്പിനങ്ങളിൽ പങ്കെടുത്ത് വിജയം കൈവരിച്ചിട്ടുണ്ടെങ്കിൽ അതു കണക്കിലെടുത്ത് ടൈ ബ്രേക്ക് ചെയ്യാവുന്നതാണ്.
11. വടംവലി മത്സരത്തിൽ പങ്കെടുക്കുന്ന ടീമിന്റെ അംഗസംഖ്യ 9 ആയിരിക്കണം. (8+1). ടീമിന്റെ മൊത്തം (8) തൂക്കം 600 കി.ഗ്രാം(പുരുഷന്മാർ), 540 കി.ഗ്രാം (വനിതകൾ)കൂടാൻ പാടില്ല. സ്പോർട്സ് കൗൺസിൽ അംഗീകരിച്ച വടംവലി അസോസിയേഷൻ, നിയമ പ്രകാരം സ്ട്രെയിറ്റ് ടു സ്ട്രെയിറ്റ് വലി മാത്രമേ അനുവദിക്കുകയുള്ളൂ.

12. **ആർച്ചറി** (ഇന്ത്യൻ റൗണ്ട് മത്സരങ്ങൾ)
ഇന്ത്യൻ റൗണ്ട് മത്സരങ്ങളിൽ വ്യക്തിഗത മത്സരങ്ങളും, ടീം മത്സരങ്ങളും ഉൾപ്പെടുന്നു. ഒരു ടീം മത്സരത്തിൽ യോഗ്യത നേടുന്ന ടീമിൽ പരമാവധി 4 പുരുഷ അമ്പെയ്ത്തുകാരും, 4 സ്ത്രീ അമ്പെയ്ത്തുകാരും ഉൾപ്പെട്ടിരിക്കണം. വിവിധ ദൂരത്തിൽ തൊടുക്കേണ്ട അമ്പുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം മത്സരം.

| Category | Distance | Target Face Size | No. of Arrows in Each End | No. of Ends | Total No.of Arrows | Total points |
|---|---|---|---|---|---|---|
| Men & Women | 50m | 122cm | 3 in 2 min | 12 | 36 | 360 |
| | 30 m | 80 cm | 3 in 2 min | 12 | 36 | 360 |
| | | | | | | 720 |

രണ്ട് ദൂരത്തിലുള്ള സ്കോറുകളുടെ ആകെ തുകയുടെ അടിസ്ഥാനത്തിലാണ് വ്യക്തിഗത ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നത്. 4 അംഗ ടീമിൽ 3 അംഗങ്ങളുടെ ഉയർന്ന സ്കോർ കൂട്ടിയാണ് ടീം ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നത്. മുളയിലോ, തടിയിലോ ഉള്ള ബോ, സ്ട്രിങ്ങ്, ആരോറെസ്റ്റ്, സൈറ്റ്, ക്ലിക്കർ, ആരോ, സ്റ്റെബിലൈസർ എന്നിവയാണ് പ്രധാന ഉപകരണങ്ങൾ., കേരള ആർച്ചറി അസോസിയേഷന്റെ നിയമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം മത്സരങ്ങൾ നടത്തേണ്ടത്.

13. ചെസ്സ് മത്സരങ്ങൾ ചെസ്സ് ഫെഡറേഷൻ നിയമങ്ങൾക്കനുസൃതമായി നടത്തേണ്ടതാണ്.

## 9.5. കളരിപ്പയറ്റ്

**തെക്കൻ രീതി**

| ഇനം | പുരുഷന്മാർ | വനിതകൾ |
|---|---|---|
| 1. ഒറ്റച്ചുവട് | 1 | 1 |
| 2. കൂട്ടച്ചുവട് | 1 | 1 |
| 3. കുറുവടി | 2 | 2 |
| 4. നെടുവടി | 2 | 2 |

**വടക്കൻ രീതി**

| ഇനം | പുരുഷന്മാർ | വനിതകൾ |
|---|---|---|
| 1. മെയ്പ്പയറ്റ് | 1 | 1 |
| 2. മുച്ചാൺപ്പയറ്റ് | 2 | 2 |
| 3. കെട്ടുകാരി (നെടുവടി) | 2 | 2 |

*1. കളരിപ്പയറ്റ് മത്സരങ്ങൾ കളരിപ്പയറ്റ് അസോസിയേഷനുമായി ബന്ധപ്പെട്ട നിയമങ്ങളനുസരിച്ച് നടത്തേണ്ടതാണ്. 2. കളരിപ്പയറ്റ് മത്സരങ്ങളിൽ ഒരാൾക്ക് പരമാവധി 4 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ സാധിക്കൂ. 3. കളരിപ്പയറ്റ് മത്സരത്തിന് മൂന്നാംസ്ഥാനം ഉണ്ടായിരിക്കുന്നതല്ല.*

**മൂല്യനിർണ്ണയോപാധികൾ** :സമയം 2 മിനിറ്റ് മെയ്വഴക്കം, സാങ്കേതിക മികവ്, സമയം, ആവിഷ്ക്കാര സൗന്ദര്യം, അവതരണഭംഗി, വേഗത എന്നിവ നോക്കിയാണ് വിജയികളെ നിശ്ചയിക്കുന്നത്. വനിതകൾക്കും പുരുഷന്മാർക്കും പ്രത്യേക മത്സരം.

## 9.6. യോഗ മത്സരങ്ങൾ

### മത്സര ഇനം 1. യോഗാസന കായിക മത്സരം

രണ്ട് ഏജ് ഗ്രൂപ്പിലുള്ളവർക്കാണ് മത്സരം സംഘടിപ്പിക്കുന്നത്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകമായാണ് മത്സരം.

**ഏജ് ഗ്രൂപ്പ് 1 : (18 മുതൽ 30 വയസ്സു വരെ പ്രായമുള്ളവർ)**

01.09.2025 -ന് 18 വയസ്സ് തികഞ്ഞവരും 30 വയസ്സ് കഴിയാത്തവരുമായ യുവജനങ്ങളാണ് ഏജ് ഗ്രൂപ്പ് 1 -ൽ ഉൾപ്പെടുക.

| ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|
| യോഗാസന കായിക മത്സരം | ഒരാൾ | ഒരാൾ |

**ഏജ് ഗ്രൂപ്പ് 2 : (30 മുതൽ 40 വയസ്സു പ്രായമുള്ളവർ)**

01.09.2025 -ന് 30 വയസ്സ് കഴിഞ്ഞവരും 40 വയസ്സ് കഴിയാത്തവരുമായ യുവജനങ്ങളാണ് ഏജ് ഗ്രൂപ്പ് 2 -ൽ ഉൾപ്പെടുക.

| ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|
| യോഗാസന കായിക മത്സരം | ഒരാൾ | ഒരാൾ |

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, സംസ്ഥാനം എന്നീ തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

**മത്സരങ്ങളുടെ സംഘാടന ചുമതല**

**ഗ്രാമപഞ്ചായത്ത് തലം** : ഗ്രാമപഞ്ചായത്ത്

**ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്** : അതത് തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്ന നോഡൽ ഏജൻസി / ജില്ലാ യോഗ അസോസിയേഷനുകൾ

**സംസ്ഥാനതലം** : കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിയോഗിക്കുന്ന നോഡൽ ഏജൻസി / യോഗ അസോസിയേ-ഷൻ ഓഫ് കേരള

**സിലബസ്**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച സംഘടനയായ യോഗ അസോസിയേഷൻ ഓഫ് കേരള തയ്യാറാക്കിയ സിലബസിന്റെ അടിസ്ഥാനത്തിലാണ് മത്സരങ്ങൾ നടത്തേണ്ടത്.

**യോഗാസന കായിക മത്സരങ്ങൾ വിധിനിർണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

I. മത്സരാർത്ഥി യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സിലബസിൽ നിർദ്ദേശിക്കുന്ന 7 ആസനങ്ങളും (പോസ്ചർ) അതത് പ്രായക്കാർക്കായി നിർദ്ദേശിച്ചിട്ടുള്ള സിലബസ് അനുസരിച്ചുള്ള ഓരോ ആസനത്തിലും 10 സെക്കൻഡ് ഹോൾഡ് ചെയ്യണം.

II. ഓരോ ആസനത്തിനും 10 മാർക്ക് വീതം ഉണ്ടാകും.

III. 10 മാർക്കിന്റെ വിഭജനം ഇപ്രകാരമായിരിക്കും.

1. ആസനത്തിന്റെ പൂർണ്ണത കൈവരിക്കുന്നതു വരെയുള്ള പ്രകടനത്തിന്റെ രീതി (ചലനത്തിന്റെ അനായാസത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ട മാർക്ക്) - 1/2 മാർക്ക്
2. ആസനത്തിന്റെ പൂർണ്ണത (6 മാർക്ക്)
   i) മാർഗ്ഗനിർദ്ദേശത്തിലെ ആദ്യപോയിന്റിന് 2 മാർക്ക്
   ii) മാർഗ്ഗനിർദ്ദേശത്തിലെ രണ്ടാമത്തെ പോയിന്റിന് 2 മാർക്ക്
   iii) മാർഗ്ഗനിർദ്ദേശത്തിലെ മൂന്നാമത്തെ പോയിന്റിന് 1 1/2 മാർക്ക്
   iv) മാർഗ്ഗനിർദ്ദേശത്തിലെ മൂന്നാമത്തെ പോയിന്റിന് 1/2 മാർക്ക്
3. ആസനത്തിന്റെ പൂർണ്ണതയിൽ ശരീര സംതുലനാവസ്ഥയും ശാന്തതയും നിലനിർത്തുന്നതിന് - 2 മാർക്ക്.
4. ആസനത്തിന്റെ ആകർഷകത്വം/സൗന്ദര്യം - 1 മാർക്ക്
5. ആസനത്തിന്റെ പൂർണ്ണസ്ഥിതിയിൽ നിന്ന് പൂർവ്വ സ്ഥിതിയിലേയ്ക്ക് മടങ്ങി വരുന്നതിന് (ചലനത്തിന്റെ അനായാസത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ട മാർക്ക്) - 1/2 മാർക്ക്.

   **ആകെ 10 മാർക്ക്**.

**പൊതുനിർദ്ദേശങ്ങൾ**

1. നിർദ്ദേശിച്ച ആസനത്തിനു പകരം അർദ്ധ ആസനത്തിലോ അഡ്വാൻസ്ഡ് ആസനമോ മത്സരാർത്ഥി അവതരിപ്പിക്കുകയാണെങ്കിൽ 10 മാർക്കിൽ നിന്ന് 5 മാർക്ക് കുറയ്ക്കുകയും 5 മാർക്ക് നൽകുകയും ചെയ്യും.

   ഉദാഹരണത്തിന്:

   എ) ബദ്ധപത്മാസനത്തിൽ ഒരു കാൽവിരലിൽ പിടിക്കുകയും മറ്റേ കാൽവിരലിൽ പിടിക്കാതിരിക്കുകയും ചെയ്താൽ

   ബി) അല്ലെങ്കിൽ ഗർഭാസനയിലോ കുക്കുടാസനത്തിലോ കാല് വണ്ണയുടെയും തുടയുടേയും ഇടയിൽ ഒരു കൈ കയറ്റുകയും മറ്റേക്കൈ കയറ്റാതിരിക്കുകയും ചെയ്താൽ

   സി) അല്ലെങ്കിൽ സിലബസിൽ നിർദ്ദേശിച്ചിരിക്കുന്ന ചക്രാസനത്തിനു പകരം അഡ്വാൻസ് ചക്രാസനം ചെയ്യുകയാണെങ്കിൽ

2. അഡ്വാൻസ്ഡ് ആസനത്തിന്റെ അർദ്ധ ആസനം ചെയ്താൽ മാർക്ക് നൽകേണ്ടതില്ല.

   ഉദാഹരണത്തിന്:

   എ) പൂർണമത്സ്യേന്ദ്ര ആസനത്തിനു പകരം അർദ്ധമത്സ്യേന്ദ്ര ആസനം ചെയ്താൽ.

   ബി) അല്ലെങ്കിൽ പൂർണ്ണ ചക്രാസനത്തിന് പകരം ലളിതമായ ചക്രാസനം ചെയ്യുന്നു.

3. ആസനത്തിന്റെ പൂർണ്ണത എത്തുന്നതിന് മുൻപ്:

   എ) ഒരു മത്സരാർത്ഥി ആസനത്തിന്റെ പൂർണ്ണത എത്താതെ താഴെ വീണാൽ, താഴെപ്പറയുന്ന രീതിയിൽ അവസരം നൽകും.

   i) മാർക്ക് കുറയ്ക്കാതെ രണ്ടാം അവസരം നൽകും.

   ii) 2 മാർക്കിന്റെ കുറവോടെ മൂന്നാം ശ്രമം നൽകും.

4. ആസനത്തിന്റെ പൂർണ്ണത എത്തിയശേഷം മത്സരാർത്ഥി താഴെ വീണാൽ, മറ്റൊരു ശ്രമവും നൽകില്ല. രണ്ട് മാർക്ക് കുറയ്ക്കും.

## മത്സര ഇനം 2. ഫ്രീ ഫ്ളോ യോഗ ഡാൻസ് മത്സരം *(പൊതുവിഭാഗം)*

18 മുതൽ 30 വയസ്സ് വരെയുള്ളവർക്ക് മത്സരത്തിൽ പങ്കെടുക്കാം.

**മാനദണ്ഡങ്ങൾ**

1. ടീമിൽ 5 കളിക്കാരാണ് ഉൾപ്പെടുന്നത്.
2. ഫോർവേഡ് ബെൻഡിംഗ്, ബാക്ക്വേഡ് ബെൻഡിംഗ്, ഹാൻഡ് ബാലൻസിംഗ്, ലെഗ് ബാലൻസിംഗ്, റ്റിസ്റ്റിംഗ് എന്നീ വിവിധ ആസനങ്ങൾ (പോക്സ്ചറുകൾ) സംഗീതത്തിന്റെ അകമ്പടിയോടുകൂടി നൃത്തചലനങ്ങളിൽ ചില തീമുകൾ ഉപയോഗിച്ച് അവതരിപ്പിക്കുന്നതാണ് ഇത്.
3. ഒരേ ആസനങ്ങൾ, വ്യത്യസ്ത ആസനങ്ങൾ, പിരമിഡുകൾ, ഫ്രീഫ്ളോ മൂവ്മെന്റുകൾ എന്നിവ ഒരു ടീമിന് ഒരേ സമയം അവതരിപ്പിക്കാവുന്നതാണ്.
4. സംഗീതവുമായി ശരീരചലനങ്ങൾ പൂർണ്ണമായി സമന്വയിപ്പിച്ചായിരിക്കണം ഇത് അവതരിപ്പിക്കേണ്ടത്.
5. ടീം തെരഞ്ഞെടുക്കുന്ന 8 മുതൽ 10 ആസനങ്ങളാണ് അവതരിപ്പിക്കേണ്ടത്.
6. അവതരണത്തിന്റെ സമയ ദൈർഘ്യം 210 – 240 സെക്കൻഡ് (3 1/2 മുതൽ 4 മിനിറ്റ് വരെ) ആയിരിക്കും.
7. പ്രകടനത്തിനിടയിൽ മത്സരാർത്ഥി ഓരോ ആസനങ്ങളും കുറഞ്ഞത് 5 സെക്കൻഡ് ഹോൾഡ് ചെയ്യേണ്ടതാണ്.
8. ഒരു ആസനത്തിൽ നിന്ന് മറ്റൊന്നിലേയ്ക്കുള്ള മാറ്റം സാവാധാനത്തിലുള്ളതും താളാത്മകത സമന്വയിപ്പിച്ചതുമായിരിക്കണം.
9. ഫ്രീ ഫ്ളോ യോഗ ഡാൻസ് മത്സരത്തിന് ഒരു തീം(ഓപ്ഷണൽ) ഉണ്ടായിരിക്കണം. ഓരോ ആസനവും 5 സെക്കൻഡ് ഹോൾഡ് ചെയ്യേണ്ടതാണ്.


# യോഗാസന കായിക മത്സരം
## ചിത്രങ്ങൾ

**Age Group : 18 - 30**
**(Men & Women)**





### GARUDASANA

1. Back, neck and head to be straight with shoulders maximum straight.
2. Ankle completely touching calf & hands joined together in front of nose.
3. If right arm is above left arm, left thigh on the right thigh.
4. Fingers at level of forehead.





### PARSVAKONASANA

1. Arm, waist and leg in straight line with heels in alignment.
2. Folded leg and arm perpendicular to ground.
3. Thigh parallel to ground & arm (biceps) touching ear.
4. Face forward.




### AKARNA DHANURASANA


1. Folded leg to be stretched upward, up to ear with alignment of both arms.
2. Gripping big toe of folded leg with index & middle finger with fist closed &other leg stretched straight with toe pointing upwards, gripping of toe with thumb & index finger other fingers folded inside
3. Back, neck and head maximum straight.
4. Gaze pointing front toe.




### USHTRASANA


1. Knees, heels and toes together.
2. Thighs and arms Perpendicular to the ground, parallel to each other.
3. Palms placed on the heels.
4. Ankles touching the ground.

## Age Group : 18 - 30 (Men & Women)





**SARVANGASANA**

1. Legs, hips and back up to shoulders in straight line.
2. Palms placed on back parallel to each other with elbows in straight line to shoulders.
3. Chin to be locked.
4. Toes pointing upward.




**CHAKRASANA**

1. Gap in hands and feet with each other at shoulder's width, fingers pointing heels.
2. Arms & legs to be perpendicular to the ground, parallel to each other.
3. Thighs, hips & back making maximum arch.
4. Neck in between two arms with upper arms touching ears.




**DHANURASANA**


1. Toes, heels and knees together.
2. Gripping from ankles with thumb inner side & fingers outside. Naval on the ground.
3. Thighs, buttocks and lower back making maximum arch with head straight.
4. Shoulders to be aligned with knees.

## Age Group : 30 - 40 (Men & Women)





**VRIKSHASANA**

1. Back maximum stretched.
2. Folded leg in alignment to other leg, lower leg straight & toe pointing forward.
3. Hands joined above shoulders without thumb gripping& upper arms touching the ear.
4. Gaze in front.





**PARSVAKONASANA**

1. Arm, waist and leg in straight line with heels in alignment.
2. Folded leg and arm perpendicular to ground.
3. Thigh parallel to ground & arm (biceps) touching ear.
4. Face forward.




**ARDHA MATSYENDRASANA**


1. Both buttocks & one knee on the ground.
2. One hand gripping other thigh from back side, & other hand gripping toe with thumb and Index finger, other fingers folded inside.
3. Back straight with shoulders & head in a straight line.
4. Big toe in line of folded knee on ground.




**PASCHIMOTTANASANA**


1. Back maximum stretched with abdomen, chest & forehead touching legs.
2. Both legs straight with knee pits on ground.
3. Toes pointing up together, aligned to other fingers, to be gripped with thumb and Index finger, other fingers folded inside.
4. Elbows on the ground, touching legs

## Age Group : 30 - 40 (Men & Women)





**MATSYASANA**

1. Both knees & elbows on the ground.
2. Gripping big toes with thumb and Index finger, other fingers folded inside, cranium touching ground, not forehead.
3. Making maximum arch with spine.
4. Gaze towards back.




**CHAKRASANA**

1. Gap in hands and feet with each other at shoulder's width, fingers pointing heels.
2. Arms & legs to be perpendicular to the ground, parallel to each other.
3. Thighs, hips & back making maximum arch.
4. Neck in between two arms with upper arms touching ears.




**DHANURASANA**

1. Toes, heels and knees together.
2. Gripping from ankles with thumb inner side & fingers outside. Naval on the ground.
3. Thighs, buttocks and lower back making maximum arch with head straight.
4. Shoulders to be aligned with knees.

## 9.7. കാർഷിക കായിക മത്സരങ്ങൾ

| പുരുഷന്മാർ | വനിതകൾ |
|---|---|
| 1. ഞാറുനടീൽ<br>2. തെങ്ങുകയറ്റം<br>3. കിളയ്ക്കൽ<br>4. ഓലമെടയൽ (പച്ച ഓല) | 1. ഞാറുനടീൽ/കൊയ്ത്ത്<br>2. ഓലമെടയൽ (പച്ച ഓല) |

*കാർഷിക മത്സരങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ മാത്രം.*

### മൂല്യ നിർണ്ണയോപാധികൾ

### 1. ഞാറുനടീൽ, *സമയം : പുരുഷന്മാർ 5 മിനിട്ട്, വനിതകൾ 3 മിനിട്ട്*

*നുരികൾ നടേണ്ട അകലം*: വരികൾ തമ്മിൽ 15 സെ.മീ, നുരികൾ തമ്മിൽ 10 സെ.മീ. (ആദ്യവരി നട്ടിരിക്കുന്നതുപോലെ പുറകിലേക്ക് നടണം) നടുന്ന സ്ഥലത്തിന്റെ വീതി 1.50 മീറ്റർ. ഒരു അരിയിൽ നടേണ്ടുന്ന അലകുകൾ 2-3 വരെ. നുരികൾ നേരെ കുത്തനെ 5 സെ.മീ താഴ്ത്തി നടുക. നിശ്ചിത സമയം കൊണ്ടു നടുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്തി വിജയികളെ നിശ്ചയിക്കുന്നു.

### 2. കിളയ്ക്കൽ

രണ്ടു മീറ്റർ വീതിയിലുള്ള സ്ഥലം കിളച്ച് മറിച്ച് നിരപ്പാക്കുക. കട്ട ഉടച്ച് നിരപ്പാക്കണം.

### 3. തെങ്ങു കയറ്റം

10/12 മീറ്റർ ഉയരമുള്ള തെങ്ങിൽ മുകളിലേയ്ക്ക് കയറി അടയാളപ്പെടുത്തിയിരിക്കുന്ന തെങ്ങിൻ പട്ടയിൽ തൊട്ടതിനു ശേഷം തിരികെ കയറിയതുപോലെ ഇറങ്ങുക.

# അദ്ധ്യായം 10

# വിധിനിർണ്ണയം, അപ്പീൽ

## 10.1 വിധിനിർണ്ണയം

1. എല്ലാ തലങ്ങളിലുമുള്ള മത്സരങ്ങൾ വിലയിരുത്തുന്നതിന് യോഗ്യരായിട്ടുള്ള വ്യക്തികളെ വേണം വിധികർത്താക്കളായി നിയമിക്കേണ്ടത്. *(അനുബന്ധം 3)*
2. ഒരു മത്സരയിനം വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെ ആയിരിക്കണം.
3. കലാമത്സരങ്ങളിൽ ഒരിനം വിലയിരുത്തുന്നതിന് 3 പേരെ വിധികർത്താക്കളായി നിയമിക്കേണ്ടതാണ്.
4. സംസ്ഥാനതലത്തിൽ വിധികർത്താക്കളെ നിയമിക്കുവാനുള്ള ചുമതല കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനായിരിക്കും.
5. പ്രാഥമികതലത്തിൽ വിധികർത്താകളുടെ നിയമനം സംഘാടക സമിതി ജനറൽ കൺവീനറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രഹസ്യ സ്വഭാവത്തിലായിരിക്കണം.
6. മത്സരം തുടങ്ങുന്നതിന് തൊട്ടുമുമ്പായി വിധികർത്താക്കളായി പ്രവർത്തിക്കുന്നവരുടെ പേരുംവിവരവും യോഗ്യതയും വേദിയിൽ പ്രഖ്യാപിക്കേണ്ടതാണ്.
7. മത്സരം തുടങ്ങുന്നതിന് മുമ്പ് ഈ മാർഗ്ഗരേഖയിൽ ചേർത്തിട്ടുള്ള മൂല്യനിർണ്ണയോപാധികൾ വിധികർത്താക്കൾക്ക് നൽകേണ്ടതാണ്.
8. വിധികർത്താക്കളുടെ പാനൽ രൂപീകരണവും നിയമനവും സംബന്ധിച്ച കാര്യങ്ങളിലെ രഹസ്യസ്വഭാവം കർശനമായി സൂക്ഷിക്കേണ്ടതാണ്.

## 10.2 ഗ്രേഡ് നിർണ്ണയം

കലാ മത്സരങ്ങൾക്ക് 100 -നാണ് വിധികർത്താക്കൾ മാർക്കിടേണ്ടത്.

| *മാർക്ക്* | *ഗ്രേഡ്* | *പോയിന്റ്* |
|---|---|---|
| 60 മാർക്കിന് മുകളിൽ | A | 5 |
| 50 മുതൽ 59 വരെ | B | 3 |
| 40 മുതൽ 49 വരെ | C | 1 |
| 40 ൽ താഴെ | ഗ്രേഡില്ല | |

## 10.3. പോയിന്റ് നിർണ്ണയം

| | വ്യക്തിഗതം | |
|---|---|---|
| *സ്ഥാനം* | | *പോയിന്റ്* |
| ഒന്നാം സ്ഥാനം | | 5 |
| രണ്ടാ സ്ഥാനം | | 3 |
| മൂന്നാംസ്ഥാനം | | 1 |
| | | |
| | ഗ്രൂപ്പിനങ്ങൾ | |
| *സ്ഥാനം* | | *പോയിന്റ്* |
| ഒന്നാം സ്ഥാനം | | 10 |
| രണ്ടാ സ്ഥാനം | | 6 |
| മൂന്നാംസ്ഥാനം | | 2 |

1. ***ഓവർആൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഒന്നും രണ്ടും മൂന്നും സ്ഥാന ങ്ങൾക്കു ലഭിച്ച പോയിന്റിനുപുറമേ ഗ്രേഡിന് ലഭിച്ച പോയിന്റു കൂടി കണക്കാ ക്കേണ്ടതാണ്. കൂടാതെ മത്സരാർത്ഥികൾക്ക് ഗ്രേഡ് മാത്രം ലഭിക്കുകയാണെങ്കിൽ ലഭിച്ച ഗ്രേഡിന്റെ പോയിന്റ് കൂടി ഓവറോൾചാമ്പ്യൻഷിപ്പ് നിർണ്ണയിക്കുമ്പോൾ പരിഗണിക്കണം.***
2. ***അപ്പീൽ വഴി വരുന്ന മത്സരാർത്ഥിക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുകയാണെ ങ്കിൽ മാത്രമേ ഗ്രേഡ് പോയിന്റ് നൽകുകയുള്ളൂ.***
3. ***ക്ലബ്ബുകളെ പ്രതിനിധാനം ചെയ്യുന്ന മത്സരാർത്ഥികൾക്ക് ലഭിക്കുന്ന പോയിന്റുകൾ ക്ലബ്ബുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നു.***
4. ***കലാതിലകം,കലാപ്രതിഭ, കായിക പ്രതിഭ എന്നിവരെ നിശ്ചയിക്കുമ്പോൾ വ്യക്തി ഗത ഇനം മാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. ഗ്രൂപ്പിനങ്ങളുടെ പോയിന്റ് പരിഗ ണിക്കുവാൻ പാടില്ല.***
5. ***കലാതിലകം, കലാപ്രതിഭ എന്നിവരെ നിശ്ചയിക്കുമ്പോൾ വ്യക്തിഗതഇനങ്ങളിൽ ലഭിക്കുന്ന സ്ഥാനങ്ങളുടെ പോയിന്റും, ഗ്രേഡ് പോയിന്റും മാത്രമേ പരിഗണിക്കു വാൻ പാടുള്ളൂ. സ്ഥാനങ്ങൾ ലഭിക്കാതെ ഗ്രേഡ് മാത്രം ലഭിക്കുകയാണെങ്കിൽ ആയതിന്റെ പോയിന്റ് പരിഗണിക്കുവാൻ പാടുള്ളതല്ല.***

## 10.4. ജൂറി ഓഫ് അപ്പീൽ

***ജില്ലാതലത്തിൽ ഒരു ഐറ്റത്തിൽ ഒന്നിൽകൂടുതൽ അപ്പീലുകൾ അനുവദിക്കാൻ പാടു ള്ളതല്ല. രണ്ട്, മൂന്ന് സ്ഥാനക്കാരെ മാത്രമെ അപ്പീലിനായി പരിഗണിക്കുവാൻ പാടുള്ളൂ.***

താഴെപ്പറയുന്ന മാനദണ്ഡമനുസരിച്ചു അപ്പീൽ കമ്മിറ്റി രൂപീകരിച്ച് ബന്ധപ്പെട്ടവർക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

1. ഓരോ തലത്തിലെയും അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം തൊട്ടു മുകളി ലുള്ള ഘടകത്തെ കാലേക്കൂട്ടി അറിയിച്ചിരിക്കണം.
2. മത്സരങ്ങളുടെ നടത്തിപ്പിനു മുമ്പു തന്നെ അപ്പീൽ കമ്മിറ്റി യോഗം ചേർന്ന് പൊതു ധാരണയുണ്ടാക്കണം.
3. മത്സരങ്ങളുടെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ടത്.
4. മത്സരങ്ങളുടെ പുനർ മൂല്യനിർണ്ണയവും, പുനർ അവതരണവും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.
5. അപ്പീൽ കമ്മിറ്റിയുടെ കൺവീനർ അതത് തലങ്ങളിലെ സംഘാടക സമിതിയുടെ ജന റൽ കൺവീനർ ആയിരിക്കും.

## *അപ്പീൽ കമ്മിറ്റിയുടെ ഘടന*

### 1. ഗ്രാമ/ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ

1. സംഘാടക സമിതി ചെയർമാൻ
2. സംഘാടക സമിതി ജനറൽ കൺവീനർ
3. സ്പോർട്സ് വിഭാഗം കൺവീനർ
4. ആർട്സ് വിഭാഗം കൺവീനർ
5. യൂത്ത് കോ-ഓർഡിനേറ്റർ, സംസ്ഥന യുവജനക്ഷേമ ബോർഡ്
6. സംഘാടകസമിതി ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന രണ്ടു പ്രഗത്ഭ വ്യക്തികൾ

(അതത് മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ) എന്നിവരടങ്ങുന്നതായിരിക്കും ജൂറി ഓഫ് അപ്പീൽ.)

### 2. ജില്ലാതലം

1. സംഘാടക സമിതി ചെയർമാൻ
2. സംഘാടക സമിതി ജനറൽ കൺവീനർ
3. സ്പോർട്സ് വിഭാഗം കൺവീനർ
4. ആർട്സ് വിഭാഗം കൺവീനർ
5. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ,സംസ്ഥാന യുവജനക്ഷേമ ബോർഡ്
6. സംഘാടകസമിതി ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന രണ്ടു പ്രഗത്ഭ വ്യക്തികൾ (അതത് മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ) എന്നിവരടങ്ങുന്നതായിരിക്കും ജൂറി ഓഫ് അപ്പീൽ.

### 3. സംസ്ഥാനതലം

1. സംഘാടക സമിതി ചെയർമാൻ
2. മെമ്പർ സെക്രട്ടറി, സംസ്ഥാന യുവജനക്ഷേമ ബോർഡ്
3. സംഘാടക സമിതി ജനറൽ കൺവീനർ
4. സ്പോർട്സ് വിഭാഗം കൺവീനർ
5. ആർട്സ് വിഭാഗം കൺവീനർ
6. സംഘാടകസമിതി ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന രണ്ടു വ്യക്തികൾ (അതത് മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ) എന്നിവരടങ്ങുന്നതായിരിക്കും ജൂറി ഓഫ് അപ്പീൽ.

## 10.5. അപ്പീലിന്റെ കോറം

എല്ലാ ഘടകങ്ങളിലെയും ജൂറി ഓഫ് അപ്പീലിന്റെ കോറം 3 ആയിരിക്കും.

## 10.6. തർക്കമുണ്ടെങ്കിൽ അപ്പീൽ നൽകുന്നവിധം

കേരളോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തെക്കുറിച്ച് പരാതിയുള്ള പക്ഷം, പ്രസ്തുത മത്സരത്തിന്റെ ഫലം പ്രഖ്യാപിച്ച് അരമണിക്കൂറിനുള്ളിൽ ആയതിനെ സംബന്ധിച്ചുള്ള ആക്ഷേപം ബന്ധപ്പെട്ട ടീം മാനേജർ അതതു തലങ്ങളിലെ സംഘാടക സമിതിയുടെ കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്. അപ്പീൽ ലഭിച്ച് രണ്ട് മണിക്കൂറിനകം അപ്പീൽ കമ്മിറ്റി കൂടേണ്ടതും തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. *(അനുബന്ധം 4, 5)*

### അപ്പീൽ ഫീസ്

| | |
|---|---|
| *ഗ്രാമ, ബ്ലോക്ക് തലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ* | *500/- രൂപ* |
| *ജില്ല* | *1000/- രൂപ* |
| *സംസ്ഥാനതലം* | *2000/- രൂപ* |

വിധിനിർണ്ണയം അല്ലാത്ത കാര്യങ്ങളെ സംബന്ധിക്കുന്ന അപ്പീൽ പ്രസ്തുത മത്സരം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പെങ്കിലും ബന്ധപ്പെട്ട ടീം മാനേജർ 500 രൂപ പരാതി ഫീസോടുകൂടി അതതു തലങ്ങളിലെ സംഘാടക സമിതി കൺവീനർക്ക് നൽകേണ്ടതാണ്. ലഭിക്കുന്ന പരാതി ജൂറി പരിഗണിച്ച ശേഷം, പരാതി അംഗീകരിക്കുന്നപക്ഷം, പരാതി ഫീസ് മടക്കി നൽകേണ്ടതാണ്. എന്നാൽ പരാതി തിരസ്ക്കരിക്കുന്നപക്ഷം പരാതി ഫീസ് ബന്ധപ്പെട്ട തലത്തിലെ സംഘാടക സമിതിയിലേക്ക് മുതൽക്കൂട്ടുന്നതാണ്.

++++++++++

# അദ്ധ്യായം 11

# സമ്മാന ഘടന

## 11.1. പ്രൈസ്മണിയുടെ വിശദവിവരം

| ജില്ലാതലം | | | |
|---|---|---|---|
| | *ഒന്നാം സമ്മാനം* | *രണ്ടാം സമ്മാനം* | *മൂന്നാം സമ്മാനം* |
| വ്യക്തിഗതം | 750 | 500 | 300 |
| ഗ്രൂപ്പിനം | 750 രൂപ വീതം | 500 രൂപ വീതം | 300 രൂപ വീതം |

| | |
|---|---|
| കലാ പ്രതിഭ | 2500 |
| കലാ തിലകം | 2500 |
| കായിക പ്രതിഭ (ജൂനിയർ പുരുഷൻ) | 2500 |
| കായിക പ്രതിഭ (ജൂനിയർ സ്ത്രീ) | 2500 |
| കായിക പ്രതിഭ (സീനിയർ ആൺകുട്ടികൾ) | 2500 |
| കായിക പ്രതിഭ (സീനിയർ പെൺകുട്ടികൾ) | 2500 |

| സംസ്ഥാനതലം | | | |
|---|---|---|---|
| | *ഒന്നാം സമ്മാനം* | *രണ്ടാം സമ്മാനം* | *മൂന്നാം സമ്മാനം* |
| വ്യക്തിഗതം | 2500 | 2000 | 1500 |
| ഗ്രൂപ്പിനം | 2500 രൂപ വീതം | 2000 രൂപ വീതം | 1500 രൂപ വീതം |

| | |
|---|---|
| കലാ പ്രതിഭ | 10000 |
| കലാ തിലകം | 10000 |
| മികച്ച നാടക നടൻ (ഹിന്ദി/ഇംഗ്ലീഷ്) | 2000 |
| മികച്ച നാടക നടി (ഹിന്ദി/ഇംഗ്ലീഷ്) | 2000 |
| മികച്ച നാടക നടൻ (മലയാളം) | 2000 |
| മികച്ച നാടക നടി (മലയാളം) | 2000 |
| കായിക പ്രതിഭ (ജൂനിയർ) പുരുഷൻ | 10000 |
| കായിക പ്രതിഭ (ജൂനിയർ) സ്ത്രീ | 10000 |
| കായിക പ്രതിഭ (സീനിയർ ആൺകുട്ടികൾ) | 10000 |
| കായിക പ്രതിഭ (സീനിയർ പെൺകുട്ടികൾ) | 10000 |

***ഒരു മത്സരത്തിൽ ഒന്നിലധികം പേർ ഒരേ സ്ഥാനം നേടുകയാണെങ്കിൽ ഓരോർത്തർക്കും നിശ്ചിത ക്യാഷ് പ്രൈസ് നൽകണം.***

| ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്കുള്ള ക്യാഷ് അവാർഡുകൾ | | | |
|---|---|---|---|
| | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം |
| ജില്ലാതലം | 25000 | 15000 | 10000 |
| സംസ്ഥാനതലം | 150000 | 75000 | 50000 |

# അദ്ധ്യായം 12

## ധനവിനിയോഗം

1. കേരളോത്സവം സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം ബ്ലോക്ക്, ജില്ലാ തലങ്ങളിൽ യുവജനക്ഷേമ ബോർഡ് നേരിട്ട് വിതരണം ചെയ്യുന്നതായിരിക്കും. ധനസഹായം കൈപ്പറ്റുമ്പോൾ നിർദ്ദിഷ്ട മാതൃകയിലെ സ്റ്റാമ്പ് പതിപ്പിച്ച കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. *(അനുബന്ധം 6)*

2. പണം ലഭിച്ചതിന്റെയും ചെലവ് ചെയ്തതിന്റെയും എല്ലാ കണക്കുകളും സൂക്ഷിക്കേണ്ടതും പ്രസ്തുത കണക്കുകൾ സംസ്ഥാന യുവജനക്ഷേമ വകുപ്പിന്റേയോ മറ്റ് ഓഡിറ്റ് അധികാരികളുടേയോ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3. വിവിധ തലത്തിലുള്ള കേരളോത്സവത്തിന്റെ വരവ് ചെലവ് കണക്കുകൾ പൂർണ്ണമായും താഴെപ്പറയുന്ന ഓഫീസർമാരുടെ ചുമതലയായിരിക്കും.

| | |
|---|---|
| ബ്ലോക്ക് തലത്തിൽ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| ജില്ലാതലത്തിൽ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| സംസ്ഥാനതലത്തിൽ | മെമ്പർ സെക്രട്ടറി, സംസ്ഥാന യുവജനക്ഷേമ ബോർഡ് |

### 12.1. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്

കേരളോത്സവം നടത്തുന്നതിന് ലഭിക്കുന്ന ഗ്രാന്റിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ മുകളിൽ പരാമർശിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കേരളോത്സവം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് സഹിതം അതത് യുവജനക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ പേരിൽ അയച്ചു കൊടുക്കേണ്ടതാണ് *(അനുബന്ധം 7).*

ജില്ലാ ഓഫീസുകളുടെ വിലാസം ഉൾപ്പെടുത്തിയിട്ടുണ്ട് *(അനുബന്ധം 8).*

++++++++++

***അനുബന്ധം 1***

GOVERNMENT OF KERALA

**KERALA STATE YOUTH WELFARE BOARD**

**....................Grama/Block Panchayath/Municipality/Corporation**

# KERALOTSAVAM 2025

## Certificate

*This is to certify that Shri./Smt./Kum.............................................................................................. of*

*.............................................................................Grama/Block Panchayath/Municipality/Corporation*

*has participated in the ............ Level Keralotsavam 2025 held at..................................................................*

*from ...............to..................and has secured...........................place in ......................................................*

Place :

Date :

CONVENER
Organising Committee

*അനുബന്ധം : 2*

# കേരളോത്സവം – 2025
## രജിസ്ട്രേഷൻ ഫോറം

**രജിസ്റ്റർ നമ്പർ :**

ഫോട്ടോ

പേര്.........................................................................................................................................

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :..................................................................................

ബ്ലോക്ക്: ....................................................... ജില്ല.............................................................................

സ്ത്രീ/പുരുഷൻ/ ട്രാൻസ്ജെന്റർ : .............................. ജനന തീയതി...........................................

പൂർണ്ണ മേൽവിലാസം :.........................................................................................................................

.........................................................................................................................................................

പങ്കെടുക്കുന്ന ഇനങ്ങൾ (വ്യക്തിഗതം) :

പങ്കെടുക്കുന്ന ഇനങ്ങൾ (ഗ്രൂപ്പ് ഇനങ്ങൾ) :

തിരിച്ചറിയൽ രേഖ :.............................................................................................................................

പ്രതിനിധാനം ചെയ്യുന്ന ക്ലബ്ബിന്റെ പേരും വിലാസവും : ..................................................................

.........................................................................................................................................................

### <u>സത്യപ്രസ്താവന</u>

മേൽ സൂചിപ്പിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

തീയതി

മത്സരാർത്ഥിയുടെ പേരും ഒപ്പും

### <u>സാക്ഷ്യപത്രം</u>

മേൽ സൂചിപ്പിച്ച വ്യക്തി ..................................................................................................... എന്ന ക്ലബ്ബിനെ പ്രതിനിധാനം ചെയ്താണ് മത്സരങ്ങളിൽ പങ്കെടുക്കുന്നതെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

തീയതി

ക്ലബ്ബിന്റെ പേരു വിലാസവും

ഔദ്യോഗിക സ്ഥാനം

ക്ലബ്ബിന്റെ സീൽ

പേരും ഒപ്പും

*<u>അനുബന്ധം 3</u>*

**മാതൃകാഫോറം**

**കേരളോത്സവം 2025**

***(വിധി കർത്താക്കൾ / അപ്പീൽ കമ്മിറ്റി അംഗങ്ങൾക്കുള്ളത്)***

## സത്യപ്രസ്താവന

എന്റെ മക്കളോ, ബന്ധുക്കളോ, ശിഷ്യൻമാരോ ആരുംതന്നെ ഞാൻ വിധിനിർണ്ണയം നടത്തുന്ന / അപ്പീലിന് വിധേയമായ മത്സര ഇന ത്തിൽ പങ്കെടുക്കുന്നില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്.............................................................................

പേര്:..........................................................................

സ്ഥലം:

തീയതി:

*അനുബന്ധം 4*

**മാതൃകാഫോറം**
**കേരളോത്സവം 2025**
**അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം**

| | |
|---|---|
| 1. മത്സരാർത്ഥിയുടെ പേര് | |
| 2. ബ്ലോക്ക്/ജില്ലയുടെ പേര് | |
| 3. പങ്കെടുത്ത ഇനം | |
| 4. രജിസ്റ്റർ നമ്പർ | |
| 5. കോഡ് നമ്പർ | |
| 6. മത്സരത്തിൽ ലഭിച്ച സ്ഥാനം | |
| 7. മത്സരം നടന്ന തീയതിയും സമയവും | |
| 8. വിധിപ്രഖ്യാപനം നടത്തിയ തീയതി | |
| 9. അപ്പീൽസമർപ്പിക്കുവാനുണ്ടായ കാരണം | |
| 10. മത്സരാർത്ഥിയുടെ ഒപ്പ് | |
| 11. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും | |
| 12. അപ്പീൽ ഫീസ്(തുക) | |

***ആഫീസ് ഉപയോഗത്തിന്***

| | |
|---|---|
| 1. അപ്പീൽ നമ്പർ | |
| 2. അപ്പീൽ കൈപ്പറ്റിയ സമയവും തീയതിയും | |
| 3. അപ്പീൽ ഫീസിന്റെ രസീത് നമ്പറും തീയതിയും | |
| 4. അപ്പീൽ കേൾക്കുന്നതിനുള്ള സമയം | |
| 5. റിമാർക്സ് | |

സ്ഥലം: പേരും, ഒപ്പും

തീയതി: ചെയർമാൻ, അപ്പീൽ കമ്മിറ്റി

*<u>അനുബന്ധം</u> 5*

**മാതൃകാഫോറം**

**കേരളോത്സവം 2025**

**<u>അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്</u>**

| | |
|---|---|
| മത്സരാർത്ഥിയുടെ പേര് | |
| വിഷയം | |
| സൂചന | |
| ഉത്തരവ് നമ്പരും തീയതിയും | |
| മത്സരിച്ച ഇനം | |
| മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം | |
| കാര്യകാരണ വിശകലന റിപ്പോർട്ട് | |
| അപ്പീലിന്മേലുള്ള തീരുമാനം | |

അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ പേരും, ഒപ്പും

പേരും, ഒപ്പും

തീയതി: ചെയർമാൻ, അപ്പീൽ കമ്മിറ്റി

മത്സരാർത്ഥിയുടെ പേരും വിലാസവും

*അനുബന്ധം 6*

**KERALOTSAVAM 2025**
**RECEIPT**

Received from the Member Secretary, Kerala State Youth Welfare Board, Thiruvananthapuram a sum of Rs...............................
(Rupees.................................................... ................................)
for the conduct of the .........................................level Keralotsavam 2025 vide Proceedings No.....................dated...................................

Signature:
Name, Designation and full address
of the Secretary
Block/District Panchayath
Phone No.

Place :
Date :

*അനുബന്ധം 7*

## *UTILIZATION CERTIFICATE*

# KERALOTSAVAM 2025

This is to Certify that the Grant of Rs............................(Rupees..................................... .........................................................................................) sanctioned as per proceedings No.......................... dated............................. received from the Member Secretary, Kerala State Youth Welfare Board, Thiruvananthapuram was fully utilised for the conduct of......................................................level Keralotsavam 2025. The programme was successfully conducted from.................. to..........................at..........................(Place).

Signature
Name & Designation and full
address of the Secretary
Block/District Panchayath
Phone No.

Place :
Date :

*അനുബന്ധം 8*

## ADRESS OF DISTRICT OFFICES

**District Youth Programme Officer**
District Youth Centre,
District Panchayath Office
P.O Pattom, Thiruvananthapuram,
Phone: **0471-2555740**

**District Youth Programme Officer**
District Youth Centre,
District Panchayath Office,
P.O Thevally, Kollam
Phone: **0474 - 2798440**

**District Youth Programme Officer**
District Youth Center,
Puthenpalathu building, Near collectorate,
Pathanamthitta-689645
Phone: **0468-2231938**

**District Youth Programme Officer**
District Youth Centre, ADC Office,
Collectorate, Alappuzha
Phone: **0477-2239736**

**District Youth Programme Officer**
District Youth Center,
Chirathalattu Building, 2nd Floor
Kottayam. P.O
Kottayam – 686001
Phone: **0481-2561105**

**District Youth Programme Officer**
District Youth Center,
Pulimoottil Shopping Arcade 2nd Floor
Moovattupuzha Road,
Thodupuzha, Idukki
Phone: **0486-2228936**

**District Youth Programme Officer**
District Youth Centre,
Ground floor, Civil Station
Kakkanadu-30, Ernakulam
Phone: **0484-2428071**

**District Youth Programme Officer**
District Youth Centre,
District Panchayath Office,
P.O Ayyanthole, Thrissur
Phone: **0487-2362321**

**District Youth Programme Officer**
District Youth Center
District Panchayath Office
Palakkadu
Phone: **0491-2505190**

**District Youth Programme Officer**
District Youth Center,
Block Development Office,
DOWN Hill P.O
Malappuram-19
Phone: **0483-2730120**

**District Youth Programme Officer**
District Youth Center,
Civil Station, 6th Floor B.Block,
Kozhikode
Phone: **0495-2373371**

**District Youth Programme Officer**
District Youth Center
Chackalakkal Appartment
Harithagiri Road
Kalpatta, Wayanad – 673121
Phone: **0493-6204700**

**District Youth Programme Officer**
District Youth Center
Thaluk Office Compound
Near Subjail, Kannur
Phone: **0497-2705460**

**District Youth Programme Officer**
District Youth Center,
District Panchayath Office Building,
Civil Station, Vidya Nagar. P.O, Kasargod
Phone: **0499-4256219**

***അനുബന്ധം** 9*

# കേരളോത്സവം 2025

ബ്ലോക്ക്/ജില്ല/സംസ്ഥാനം

.........................................................................................................................

മത്സര ഇനം : സമയം :

| മാർക്ക് ഷീറ്റ് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | കോഡ് നമ്പർ | മൂല്യനിർണ്ണയോപാധികൾ മാർക്ക് 100ന് | | | | | | | ആകെ മാർക്ക് | മാർക്ക് അക്ഷരത്തിൽ | അഭിപ്രായം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

*മാർക്ക് അക്കത്തിലും അക്ഷരത്തിലും എഴുതേണ്ടതും, മൂല്യനിർണ്ണയോപാധികൾക്കനുസൃതമായ കുറിപ്പുകൾ എഴുതേണ്ടതും നിർബന്ധമാണ്.*

സ്ഥലം :

തീയതി : വിധികർത്താവിന്റെ പേര്, ഒപ്പ്, മേൽവിലാസം ഫോൺ നമ്പർ.

***അനുബന്ധം 10***

# കേരളോത്സവം 2025

ബ്ലോക്ക്/ജില്ല/സംസ്ഥാനം

മത്സര ഇനം :......................................................................................................................................

| റിസൽറ്റ് ഷീറ്റ് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | കോഡ് നമ്പർ | ലഭിച്ച മാർക്ക് | | | ആകെ മാർക്ക് | ഗ്രേഡ് | ലഭിച്ച സ്ഥാനം | വിജയിച്ച വ്യക്തിയുടെ പേരും മേൽവിലാസവും | പ്രതിനിധാനം ചെയ്യുന്ന ക്ലബ്ബിന്റെ പേരും വിലാസവും |
| | | I | II | III | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

ടാബുലേറ്റർമാരുടെ പേരും ഒപ്പും

1. ..................................................
   ..................................................
2. ..................................................
   ..................................................

വിധികർത്താക്കളുടെ പേരും ഒപ്പും

1. ......................................................
   ......................................................
2. ......................................................
   ......................................................
3. ......................................................
   ......................................................

സ്ഥലം :

തീയതി :